For Private Circulation Only

January 2025

ആഗമനാത്മാവ്

Vol.72

"രാത്രിയിൽ കർത്താവ് തന്റെ അടുക്കൽ നിന്ന്, ധൈര്യമായിരിക്ക; നീ എന്നെക്കുറിച്ച് യെരുശലേമിൽ സാക്ഷീകരിച്ചതുപോലെ.....എന്നു അരുളിച്ചെയ്തു" (അ.പ്ര. 23:11)

No.1

പരിശുദ്ധാത്മാവ് ഒരു ആശ്വാസപ്രദൻ

By Octavius Winslow

നിയമിക്കപ്പെട്ട പാതയിലൂടെ ലോകത്തിൽ ദൈവമക്കൾ യാത്ര ചെയ്യുമ്പോൾ, ഈ ലോകത്തിൽ വിശുദ്ധന്മാർക്ക് വേദനയുളവാക്കുന്ന അനേക കാര്യങ്ങളുണ്ട്. അവർ പലപ്പോഴും മറുന്നു പോകുന്നു. ഈ വഴി കഷ്ടതയുടേതാണ്. ഇത് ഒരു ശാന്തമായ എളുപ്പവഴിയാണെന്ന് അവർ ചിന്തിക്കുന്നു. എന്നാൽ ഇത് കഷ്ടതയുടെയും, മുള്ളുകളുടെയും പ്രയാസങ്ങളുടെയും വഴിയാണ്. പലപ്പോഴും വിശ്വാസികൾ ചിന്തിക്കുന്നത് സ്വർഗ്ഗം ഈ ഭൂമിയിലാണെന്ന്. അല്പകാലത്തെ ആത്മീക സന്തോഷം ഒരു പക്ഷേ ഇവിടെ ഉണ്ടായിരുന്നേക്കാം, എന്നാൽ മരുഭൂപ്രയാണത്തിന്റെ അവസ്ഥയാണ് സഭയ്ക്കിവിടെ. ഒരു തീർത്ഥയാത്രക്കാരനാണ് ക്രിസ്ത്യാനി ഇവിടെ, സ്ഥിരവാസമവനില്ല. കർത്താവായ യേശു നമ്മോടു പറഞ്ഞിരിക്കുന്നു, " ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പടുവിൻ " (യോഹ. 16:33); സമാനവാക്ക് അപ്പോസ്തലൻ പറഞ്ഞിരിക്കുന്നു, "നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു " (പ്രവൃത്തി 14:22). കഷ്ടത, അതിന്റെ വ്യത്യസ്ത രൂപങ്ങളിൽ, കർത്താവിന്റെ ജനത്തിന് നൽകിയിരിക്കുന്ന അനുഭവമാണ്. അങ്ങനെ അല്ലെങ്കിൽ, നമുക്ക് അപ്പന്റെ യഥാർത്ഥ പുത്രത്വം ഇല്ല. "കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു". (എബ്രാ. 12:6). എന്നാൽ എത്ര കഷ്ടമോ പ്രയാസമോ ഉണ്ടായാലും ആത്മാവ് നമ്മെ ആശ്വസിപ്പിക്കുന്നു (യോഹ. 14:26). എങ്ങനെയാണ് അവിടുന്ന് വ്യാകുലപ്പെടുന്ന ആത്മാക്കളെ ആശ്വസിപ്പിക്കുന്നത്?

ദൈവസ്നേഹത്തിന്റെ വെളിപ്പാട്

അവിടുന്ന് തന്റെ സ്നേഹം നമുക്ക് വെളിപ്പെടുത്തുന്നു, അപ്പൻ നമ്മുടെ കഷ്ടതയിലും. സ്നേഹത്തിന്റെ ഫലമായി തന്റെ മക്കളെ ശാസിക്കുമ്പോഴുണ്ടാകുന്ന ദു:ഖം ദൈവം കാണുന്നു, ആത്മാക്കളെ കൂടുതൽ തന്നിലേക്ക് അടുപ്പിക്കുന്നതിനു വേണ്ടി തന്റെ കൃപയും ദയയും അവനിലേക്ക് പകരപ്പെടുന്നു. കർത്താവും താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു. അതെ, എത്ര ആഴമായ ആശ്വാസമാണ്. ഒരു മുറിവേറ്റ ആത്മാവിന് കർത്താവ് നല്കുന്നത്, ആഴമായി സ്നേഹിക്കുമ്പോൾ, മാറ്റമില്ലാത്ത തന്റെ ഉടമ്പടിയുടെ സ്നേഹം - നാം വേദനപ്പെടുമ്പോൾ നമ്മുടെമേൽ പകരപ്പെടുന്നു, തന്റെ ഉടമ്പടിയിലൂടെ തന്റെ ഉടമ്പടിയുടെ സ്നേഹം.

ദൈവത്തിന്റെ ഉദ്ദേശത്തിന്റെ വെളിപ്പാട്

കഷ്ടത അയയ്ക്കപ്പെടുന്ന സ്ഥാനത്ത് അതിനെ അവസാനമായി തന്റെ ആശ്വാസം വെളിപ്പെടുന്നു. ഒരു വിശ്വാസിക്ക് തന്റെ ഉത്തരവാദിത്വം അവിടുന്ന് ബോദ്ധ്യപ്പെടുത്തുന്നു, വേദനയെങ്കിലും, എന്നാൽ അത് ആവശ്യമായിരിക്കുന്നു; ലോകം അങ്ങനെയാണ്, പക്ഷേ, ആത്മാക്കൾക്ക് നേരേ ആക്രമണമുണ്ടാക്കുക, അഥവാ, ചില ആത്മീക ചുമതലകളെ എതിർക്കുക, ക്രൂശിക്കുക തുടങ്ങിയവ. ശിക്ഷണത്തിന്റെ വടിയുടെ ശബ്ദം കേൾക്കുവാൻ ആശ്വാസപ്രദൻ നമ്മുടെ കാതുകളെ തുറക്കുന്നു. അതിനായി താൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. കർത്താവ് നമുക്കുവേണ്ടി അടിക്കപ്പെട്ടിരിക്കുന്നു . അവിടുത്തെ കാറ്റ് അടിപ്പിക്കുവാൻ കാരണമാക്കുന്നു, അവിടുത്തെ കിഴക്കൻ കാറ്റ് ഊതുമാറാക്കുന്നു, അതുകൊണ്ട് അവൻ നശിച്ചിരിക്കുന്നു. മുറിവേറ്റിരിക്കുന്നു. ഹൃദയം, അച്ചടക്കമുള്ളതായിരിക്കുന്നു, അലച്ചിലുകളിൽ നിന്നും മടങ്ങിവരുന്നു, വീണ്ടും മുറിവേൽക്കുന്നു, രക്തം വാർക്കുന്നു, കഷ്ടപ്പെടുന്ന രക്ഷകൻ. അവിടുത്തെ അച്ചടക്കബോധത്തിന്റെ ഉടമ്പടിയുടെ തോത് ആർക്കു അളക്കുവാൻ കഴിയും? അയക്കപ്പെട്ട കഷ്ടതകളുടെ പൂർത്തീകരണം എപ്പോൾ നടക്കും, അത് ചില പുറപ്പാടുകളുടെ ആരംഭമായിരിക്കാം, കൃപയുടെ വളർച്ചയുടെ ചില തടസ്സങ്ങളെ മാറ്റുന്നതായിരിക്കാം, യേശുവിന്റെ മഹത്വത്തിന്റെ അവ്യക്തമായി ചില വെളിപ്പാടുകളായിരിക്കാം, നാം ചിന്തിക്കാത്ത നിലയിലുള്ള, ആത്മാക്കൾക്കു വേണ്ടിയുള്ള തന്റെ സന്ദർശനമായിരിക്കാം. അനുഗ്രഹിക്കപ്പെട്ട വിഷയം, അവിടുന്ന് വിശദീകരിക്കുന്നു, ഏറെ നന്മയായി നമ്മുടെ മുമ്പിൽ വരച്ചുകാട്ടിയിരിക്കുന്ന. തിന്മകൾ നീക്കിയുള്ള അനുഗ്രഹിക്കപ്പെട്ട ശുദ്ധീകരണം നല്ല ആരോഗ്യം ഉളവാക്കുന്ന മധുരിക്കുന്ന മരുന്ന്.

ക്രിസ്തുവിന്റെ അനുകമ്പയുടെ വെളിപ്പാട്

യേശുക്രിസ്തുവിന്റെ വെളിപ്പാടും തന്റെ സഹാനുഭൂതിയും, കഷ്ടപ്പെടുന്ന പരീക്ഷിക്കപ്പെടുന്ന ആത്മാക്കളെ ആത്മാവ് ഫലപ്രദമായി ഉദ്ധരിച്ചെടുക്കുന്നു. കർത്താവ് തന്റെ അനുകമ്പയുള്ള തന്റെ ജനത്തെ അവിടുന്ന് പരിശോധിക്കുന്നു. നമ്മുടെ ചോദ്യങ്ങൾക്ക് സ്ഥാനമില്ല, ദൈവത്തിന്റെ സ്ഥാനവും നമ്മുടെ പ്രകൃതിയും യേശുവിന് തന്റെ കാഴ്ചപ്പാടിൽ ശുഭകരമായ അവസാനമുണ്ട്. കഷ്ടപ്പെടുന്ന തന്റെ ജനവുമായി അവിടുത്തേയ്ക്ക് അഭേദ്യമായ ഒരു ബന്ധമുണ്ട്. വേഗത്തിൽ തന്റെ ജനത്തിന് ആശ്വാസവും സഹായവും അയയ്ക്കുവൻ അവിടുന്നു ആഗ്രഹിക്കുന്നു. കർത്താവിന്റെ ജഡാവതരണത്തിൽ, ന്യായപ്രമാണം ആവശ്യപ്പെടുന്ന കഷ്ടതയും പ്രായശ്ചിത്തവും കർത്താവായ യേശു നമുക്കുവേണ്ടി വഹിക്കും എന്ന ധൈര്യം നമുക്കു കൈവന്നു. എന്നാൽ, തന്റെ ദയയും അനുകമ്പയും നമ്മു

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവ് ഒരു ആശ്വാസപ്രദൻ

ടെമേൽ പകരുവാൻ അത് കാരണമാക്കുന്നു, തന്റെ വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ അത് പ്രാപിപ്പാൻ നമ്മെ സഹായിക്കുന്നു. യേശു നമ്മുടെ സഹോദരൻ ആയിത്തീരുന്നു. " സ്നേഹിതൻ എല്ലാ കാലത്തും സ്നേഹിക്കുന്നു അനർത്ഥകാലത്ത് അവൻ സഹോദരനായിതീരുന്നു" (സദൃ. 17:17). " അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത മഹാപുരോഹിതനും ആകേണ്ടതിന് സകലത്തിലും അവൻ തന്റെ സഹോദരന്മാരോട് സദൃശ്യമായിത്തീരുവാൻ ആവശ്യമായിരുന്നു (എബ്രാ. 2:17). നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത് " (എബ്രാ. 4:15).

ഇവിടെ ദു:ഖിച്ചിരിക്കേണ്ടുന്ന സാഹചര്യത്തിൽ ആശ്വാസത്തിന്റെ അനുഗ്രഹിക്കപ്പെട്ടതും സത്യവുമായ ഒരു വഴി തുറക്കപ്പെട്ടിരിക്കുകയാണ്. കർത്താവിന്റെ ജനം പരീക്ഷിക്കപ്പെട്ടവരാണ്. യേശുവും പരീക്ഷിക്കപ്പെട്ട രക്ഷകനാണ്. കർത്താവിന്റെ ജനം പീഡിപ്പിക്കപ്പെട്ടവരാണ്. യേശു അതിന്റെ ആഴങ്ങളിലും കയ്പുകാടി കുടിച്ചു. കർത്താവിന്റെ ജനം ദു:ഖി ക്കുന്ന ഒരു കുടുംബമാണ്- യേശു. " അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും തൃജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു " (യെശ. 53:3). അവിടുന്നു തന്നെത്താൻ താഴ്ത്തി മനുഷ്യൻ ആയിരിക്കുന്ന നിലയിലേക്ക് എത്തിച്ചേർന്നു. അവിടുന്ന് പൂർണ്ണമായി അവരോട് അനുരൂപമായി മാറ്റപ്പെട്ടു. കഷ്ടപ്പെടുന്ന മനുഷ്യന്റെ രൂപമെടുത്തു, എല്ലാ അർത്ഥത്തിലും അവന്റെ സാഹചര്യം അവിടുന്നു ഏറ്റെടുത്തു, കഷ്ടപ്പെടുന്ന, തൃജിക്കപ്പെട്ട അവിടുത്തെ ജനത്തിന്റെ വേഷം ധരിച്ചു, എല്ലാ അർത്ഥത്തിലും മനുഷ്യനായി വിളങ്ങി. തന്റെ ജനം, തൃജിക്കപ്പെട്ടവർ, ദു:ഖിച്ചിരിക്കുന്നവർ ആകയാൽ പരണിതഫലം നോക്കാതെ അവരോടുകൂടെ കഷ്ടപ്പെടുന്ന മാർഗ്ഗം താൻ തെരഞ്ഞെടുത്തു. അവിടുന്ന് നമ്മുടെ അസ്ഥിയായും മാംസത്തിനും മാംസമായി ജനിച്ച് എന്നുള്ളതു തന്നെ നമുക്കു മതി. അവിടുത്തെ ഹൃദയം നമുക്കു വേണ്ടി ദയയും അനുകമ്പയും, കുലീനത്വവുമായി തന്നെത്താൻ ഏല്പിച്ചു, പാപത്തെ നിർവ്വീര്യമാക്കി, അതിന്റെ സകല

(ശേഷം 7-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

വീണ്ടും വരുന്നവനായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2024 ഡിസംബർ നമ്മെ വിട്ട് കടന്നു പോയി 2025 ജനുവരി മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

" ഇന്നും ഞാൻ അനന്യൻ തന്നെ എന്റെ കയ്യിൽ നിന്നു വിടുവിക്കുന്നവൻ ആരുമില്ല. ഞാൻ പ്രവർത്തിക്കും. ആർ അതു തടുക്കും? നിങ്ങളുടെ വീണ്ടെടുപ്പുകാരനും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ട പണ്ടുള്ളവയെ നിരൂപിക്കയും വേണ്ട. ഇതാ ഞാൻ പുതിയതൊന്നു ചെയ്യുന്നു. അതു ഇപ്പോൾ ഉത്ഭവിക്കും. നിങ്ങൾ അതു അറിയുന്നില്ലയോ" (യെശ43:13-18).

നമുക്കു തരുവാൻ ബലം ദൈവത്തിന്റെ പക്കൽ ഉണ്ട്. എങ്ങനെയാണ് ആ ബലം നമുക്ക് കിട്ടുന്നത്. യാക്കോബ് പറയുന്നത്, " എല്ലാ നല്ല ദാനങ്ങളും തികഞ്ഞ വരം ഒക്കെയും വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നും വരുന്നു " (യാക്കോ.1:17) ദൈവത്തിൽ നിന്നാണ് നമുക്കാവശ്യമായ എല്ലാ ഉന്മേഷവും പ്രത്യാശയും ഈ പുതിയ വർഷത്തിൽ ഉണ്ടാകുന്നത്. നാം ചിന്തിക്കുന്നതിനപ്പുറമായി ദൈവം നമ്മെ ബലപ്പെടുത്തും. അനുഗ്രഹിക്കും. നമ്മെ സഹായിക്കും. നാം ക്ഷീണിച്ചിരിക്കുന്ന സമയത്ത് ശക്തി തരികയും അധൈര്യപ്പെട്ടു പോകുന്ന സമയത്ത് പ്രത്യാശ തരികയും ചെയ്യും.

നാം ദു:ഖത്തിലായിരിക്കുമ്പോൾ ദൈവവചനം വായിക്കുക. ദൈവം നമ്മോട് സംസാരിക്കും. വചനത്തിലൂടെ ആശ്വാസം തരും. നിങ്ങളുടെ ഹൃദയം കലങ്ങരുത്. ഭ്രമിക്കയും അരുത്. ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെ ഉണ്ട്. നിന്റെ ഭാരം യഹോവയുടെമേൽ വെച്ചു കൊൾക. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരും. എല്ലാ ക്ഷീണങ്ങളും ഓടിപ്പോകും. ഹൃദയം ബലപ്പെടുവാനിടയാകും. പ്രത്യാശ വർദ്ധിക്കും.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

അനുഗ്രഹിക്കപ്പെട്ട പരിശ്രമം പരീക്ഷകളിലൂടെ

By A.B.Simpson

“എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരതയുളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്നെണ്ണുവിൻ” (യാക്കോ. 1:2-4). “പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ” (1:12). ചെറുത്തു നില്പിനു വേണ്ടിയുള്ള പോരാട്ടവും പരീക്ഷ സഹിക്കുന്നതും നല്ലതാണ്. പരീക്ഷകൾ നമ്മെ പഠിപ്പിക്കുന്നു, ബലപ്പെടുത്തുന്നു, നേരെ നിർത്തുന്നു, നമുക്കു ഇവ ആവശ്യവുമാണ്, അത് നമ്മെ ഉറപ്പിക്കുന്നു, ഒടുവിൽ അത് നമുക്കു തെളിവായി വരുന്നു, പ്രതിഫലം നൽകുന്നു.

താഴ്മയും അനുകമ്പയും

പരീക്ഷയിൽ ലഭിക്കുന്ന വിജയങ്ങളിൽ ഒന്ന്, നിങ്ങളുടെ ഹൃദയത്തിൽ എന്താണുള്ളത് എന്ന് ഇത് കാണിക്കുന്നു. ഇത് നിങ്ങളെ തന്നെ വെളിപ്പെടുത്തുന്നു. നിങ്ങളുടെ ജീവിതത്തിൽ പരീക്ഷയിൽ വരുന്നതുവരെ, നിങ്ങൾ ശക്തനാണെന്ന് അനുഭവപ്പെടുന്നു. നല്ല ഉറപ്പുള്ളവനായി കാണപ്പെടുന്നു, എന്നാൽ ശത്രുവിന്റെ ആയുധം ആത്മാവിനെ തുളച്ചു ചെല്ലുമ്പോൾ, മറ്റുള്ളവരോട് അനുകമ്പ തോന്നുന്നു, നമ്മുടെ ഉറപ്പും ധൈര്യവും കുറയുന്ന, താഴ്മയോടെ തകർന്ന ഹൃദയത്തോടെ അവിടുത്തെ പാദങ്ങളിൽ വീഴുന്നു, പാവപ്പെട്ട, സഹായമറ്റ വ്യക്തിയായിത്തീരുന്നു. ഇതാണ് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ഏറ്റവും നല്ല കാര്യം. ദൈവം നമ്മെ സഹായമറ്റവരായി നമ്മെത്തന്നെ താഴ്ത്തുവാൻ ആഗ്രഹിക്കുന്നു, അതിന്റെ ശേഷം അവിടുന്ന് നമ്മെ രക്ഷിക്കുന്നു, നമ്മെ ഉയർത്തുന്ന, അവിടുത്തെ ബലം നമ്മെ അണിയിക്കുന്നു. ഇത് നമ്മെ താഴ്മയുള്ളവരാക്കിത്തീർക്കുന്നു, നാം നമ്മിൽ തന്നെ സംശയമുള്ളവരാക്കിതീർക്കുന്നു. നാം ഒരിക്കലും ആക്രമണം നടത്തുവാൻ നില്ക്കുന്നവരായിട്ടല്ല, നമ്മുടെ സങ്കേതമായ ക്രിസ്തുവിങ്കലേക്ക് പറന്നു പോകുന്നവരായിരിക്കേണം. “നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹായിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും” (1കൊരി. 10:13). ശത്രുവിനോട് എതിർക്കുവാൻ നില്ക്കാതെ സങ്കേതത്തിലേക്ക് പറന്നു പോകുന്നു, ഒരേയൊരു നല്ല സങ്കേതമാണ് കർത്താവായ യേശുക്രിസ്തു; അവിടുന്ന് നമ്മെ മറെയ്ക്കുന്ന പരിചയാണ്, നിങ്ങൾ യുദ്ധം ചെയ്തിട്ടല്ല നിങ്ങൾ സുരക്ഷിതരായിരിക്കുന്നത് ക്രൂശിന്റെ മറവിൽ നമ്മെ മറെക്കും, രക്ഷകന്റെ മടിയിൽ നമ്മെ ചേർത്തു കൊള്ളും.

വിജയവും ബലവും

പരീക്ഷ നമ്മുടെ വിശ്വാസത്തിന്റെ പരിശീലനവും പ്രാർത്ഥിക്കാൻ നമ്മെ പഠിപ്പിക്കയും ചെയ്യുന്നു. ഇത് പട്ടാളക്കാരുടെ പരേഡു പോലെയും യുവാക്കൾക്ക് യുദ്ധം അഭ്യസിക്കുന്നതുപോലെയും ആകുന്നു. മൂർച്ച കൂട്ടുവാനും ആയുധത്തിന്റെ ശക്തി കൂട്ടുവാനും തീയിൽ വയ്ക്കുന്നതുപോലെയാകുന്നു. ഇത് ക്രിസ്തുവിന്റെ ഉറവിടങ്ങളെ കാണിക്കുന്നു. പരിശുദ്ധാത്മാവിന്റെ പഠിപ്പിക്കലിനെ കാണിക്കുന്നു, തന്നോട് ചേർന്നു നടപ്പാൻ നമ്മെ നിർബ്ബന്ധിക്കുന്നു, അവിടുത്തെ കൃപയിലും ബലത്തിലും നമ്മെ തുടർച്ചയായി മറയ്ക്കുകയും ചെയ്യുന്നു. ഓരോ വിജയവും നമുക്കു ജയിച്ച നേതാവിൽ കൂടുതൽ ഉറപ്പു നൽകുന്നു. ശത്രുവിനെതിരെ ഏടുത്ത ചുവടുവയ്ക്കുവാൻ കൂടുതൽ ഉറപ്പു നൽകുന്നു. നാം വിജയികളാകുന്നു എന്ന് മാത്രമല്ല, കീഴടക്കുന്ന ശത്രുക്കളെക്കാളുപരി, ശത്രുക്കളുടെ മേൽ പുതിയ ശക്തിയും ഏറ്റെടുത്ത് യുദ്ധത്തിന്റെ പുതിയ മുഖങ്ങളിലേക്ക് നമ്മെ പ്രാപ്തരാക്കിത്തീർക്കുന്നു. അതുകൊണ്ട് പരീക്ഷകൾ നമ്മെ ശക്തീകരിച്ച് യുദ്ധമുഖത്ത് നമ്മെ നിലനിർത്തി പുതിയകൃപകളും പുതിയശക്തിയും പ്രാപിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. വനത്തിലെ വൃക്ഷങ്ങൾ കൊടുങ്കാറ്റിൽ അതിന്റെ വേരുകളെ ശക്തിപ്പെടുത്തി നിലനിർത്തുന്നു. ആത്മീയ ജീവിതത്തിലും ഈ യാഥാർ

(ശേഷം 7-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

അവിടുത്തെ ഇഷ്ടം നടക്കട്ടെ

By D.L.Moody

ഒരു പ്രധാന വസ്തുത പ്രാർത്ഥനയെ സംബന്ധിച്ചുള്ളത് സമർപ്പണമാണ്. എല്ലാ പ്രാർത്ഥനയിലും പ്രധാനമായി അർപ്പിക്കേണ്ട സംഗതിയാണ് പൂർണ്ണ സമർപ്പണം. നമ്മുടെ ആവശ്യങ്ങൾ ദൈവത്തെ അറിയിച്ചനന്തരം, നമ്മുടെ ഭാഷ അവിടുത്തെ ഇഷ്ടം നടക്കണമേ എന്നതായിരിക്കേണം. ആയിരം തവണ ഒരു കാര്യം അപേക്ഷിക്കുന്നു എങ്കിലും അവിടെയും ദൈവഹിതത്തിന് വിട്ടുകൊടുക്കേണം. എനിക്ക് ഭാവിയിലെ കാര്യങ്ങൾ കാണാൻ കഴികയില്ല, എന്നാൽ ദൈവത്തിന് കഴിയും. അതുകൊണ്ട് അങ്ങനെ ആയിരിക്കട്ടെ, എന്റെ തെരഞ്ഞെടുപ്പിനേക്കാളുപരി ദൈവം തെരഞ്ഞെടുത്തു നൽകട്ടെ. ആത്മിക കാര്യങ്ങളെക്കുറിച്ച് ദൈവത്തിന്റെ മനസ് ഞാൻ അറിയുന്നു. അവിടുത്തെ ഇഷ്ടം എന്നത് എന്റെ വിശുദ്ധീകരണം ആണ്, അതുകൊണ്ട് എനിക്ക് അതിനായി ഉറപ്പോടെ പ്രാർത്ഥിപ്പാൻ കഴിയും, ഒരു മറുപടി എന്റെ പ്രാർത്ഥനയിൽ എനിക്കുണ്ടാകും. എന്നാൽ, താല്ക്കാലികമായ അനുഭവമാണെങ്കിൽ, അത് വ്യത്യാസമുണ്ട്, എന്ത് ഞാൻ അപേക്ഷിക്കുന്നുവോ അതിൽ എന്നെക്കുറിച്ച് അവിടത്തേയ്ക്ക് ഇഷ്ടമില്ലെന്നതായേക്കാം.

ദൈവത്തിൽ പ്രത്യാശ വയ്ക്കുന്നു എങ്കിൽ ഇതിൽ ആശ്രയിക്കുക, ദൈവത്തെ എന്റെ ചിന്തയ്ക്കും ഉദ്ദേശത്തിനും അനുസരിച്ചു വിളിച്ചു വരുത്തുന്നു എന്ന് അർത്ഥമില്ല, തന്റെ ആധിപത്യത്തെ എന്റെ ഇഷ്ടത്തിനായി കൊണ്ടു വരണമെന്നർത്ഥമില്ല. മഠയത്തരവും, ചെറിയതും സാധാരണ പാപമുള്ള എന്റെ ജീവിതത്തിൽ. പ്രാർത്ഥന അർത്ഥമാക്കുന്നത് എന്റെ ചിന്തകളെ ഉയർത്തി തന്നോട് ചേർന്ന് രൂപപ്പെടുന്ന ഒരനുഭവം, തന്റെ സാന്നിദ്ധ്യത്തിലേക്ക് കയറി, തന്റെ ഹിതം ഏറ്റെടുക്കുകയാണ്. എല്ലാം വിപരീതദിക്കുകളിലാണോ എന്ന് ഞാൻ ഭയപ്പെടുന്നു, ഞാൻ പിതാവിനെ എന്റെ സ്വന്തം ഇഷ്ടത്തിനുവേണ്ടി സ്വാധീനിക്കുന്നുവോ, എന്റെ മഠയത്തരമായ താണ ഇഷ്ടത്തിനും ഉദ്ദേശത്തിനും വേണ്ടി ദൈവത്തെ പ്രേരിപ്പിക്കുന്നുവോ എന്ന് ഞാൻ ഭയപ്പെടുന്നു. എനിക്ക് ബോദ്ധ്യപ്പെടുന്നു, ദൈവം എല്ലാം നന്നായി അറിയുന്നു, അവിടുന്ന് എന്നെക്കാൾ ഉപരി ലോകത്തിന്റെ ആവശ്യങ്ങളെ അറിയുന്നു. അത്യുന്നതന്റെ വാക്കുകൾ “എന്റെ ഇഷ്ടം ഞാൻ നിവർത്തിക്കും ”, ഞാൻ എന്റെ ദൈവത്തോടു പറയും, “ അവിടുത്തെ ഇഷ്ടം പോലെയാകട്ടെ”.

ഒരു സ്ത്രീയെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു, അവൾ രോഗിയായിരുന്നു, ജീവിക്കുമോ മരിച്ചുപോകുമോ എന്ന് അവളോട് ചോദിച്ചു, അവൾ പറഞ്ഞു, “ ദൈവത്തിന്റെ ഇഷ്ടം”. “ എന്നാൽ”, അവൾ ഒന്നു പറഞ്ഞു, ഈ അപേക്ഷ നിന്നിലേക്ക് മടക്കി അയച്ചാൽ നീ ഏത് തെരഞ്ഞെടുക്കും? “ സത്യമായി” അവൾ മറുപടി പറഞ്ഞു, “ഞാൻ വീണ്ടും ദൈവത്തോട് അപേക്ഷിക്കും ”. അങ്ങനെ ആ മനുഷ്യൻ ദൈവത്തിന്റെ ഹിതം അനുസരിച്ച് തന്റെ ദൈവത്തിന്റെ മുമ്പിൽ സമർപ്പിച്ചു.

സ്പർജൻ ഈ വിഷയത്തെക്കുറിച്ച് അഭിപ്രായമെഴുതി, വിശ്വസിക്കുന്നവൻ സദാസമയം ദൈവത്തിന്റെ അടുക്കലേക്ക് ചെല്ലും, തന്റെ കൂട്ടായ്മ എല്ലായ്പ്പോഴും പുതുക്കും. പ്രാർത്ഥന ഒരു ജല്പനമല്ല, രണ്ടു വ്യക്തികൾ തമ്മിലുള്ള സംസാരമാണ്; ചോദ്യം ചോദിക്കൽ അല്ല, സഹായം വരും എന്നുള്ള അന്വേഷണമാണ്. ഭാരപ്പെടുന്ന മനസ്സിന് നല്കുന്ന വിടുതൽ, വിശ്വാസം ധാരാളമായി അനുഭവമാക്കുന്നു, എന്നാൽ ഇതിനേക്കാൾ എല്ലാം വ്യത്യസ്തമാണ് പ്രാർത്ഥന. അനുസരണത്തിന്റെ പ്രവൃത്തി അതിന്റെ നീളത്തിന്റെ പൂർണ്ണരൂപത്തിൽ എത്തി, എന്നാൽ ആവശ്യമുള്ളതു ലഭിച്ചിട്ടില്ല. നമ്മുടെ പരിധിക്കപ്പുറത്ത് ദൈവത്തിൽ ആശ്രയിച്ച്, മുന്നോട്ട് പോകേണം. വിശ്വാസത്തിന് ആഗ്രഹമില്ല. അതിന് വ്യക്തമായ ഇഷ്ടമുണ്ട്. ആ ഇഷ്ടം ദൈവത്തിന്റെ മനസോടു ചേരുന്നു. ഉന്നതമായ നന്മയാണ് ദൈവത്തിന്റെ ഇഷ്ടം എന്ന് വിശ്വാസം അറിയുന്നു, നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നു.

വ്യക്തിപരമായ സമർപ്പണത്തിനായി പ്രാർത്ഥിക്കുക

കഷ്ടതയുടെ കാഴ്ചപ്പാട് നമ്മുടെ ഹൃദയത്തെ ദിവ്യ ഇഷ്ടത്തിന് വേണ്ടി സമ്പൂർണ്ണ സമർപ്പണത്തിലേക്ക് നയിക്കുന്നു, നമുക്ക് ഫെനിലോൺ-ന്റെ പ്രാർത്ഥനയെ ദത്തെടുക്കാം, “ദൈവമേ, എന്റെ ഹൃദയത്തെ അവിടുന്ന് എടുക്കേണമേ, ഇത് അങ്ങേയ്ക്കുള്ളതാണ്, സൂക്ഷിക്ക, അങ്ങേയ്ക്കു വേണ്ടി സൂക്ഷിപ്പാൻ എനിക്ക് കഴിവില്ല. എന്നെ രക്ഷിക്ക”.

ലോകത്തിലെ ചില പ്രധാന ആളുകൾ ഈ വസ്തുത സംബന്ധിച്ചു തെറ്റുകൾ വരുത്തിയിട്ടുണ്ട്. മോശെക്ക് യിസ്രായേലിനു വേണ്ടി പ്രാർത്ഥിപ്പാൻ കഴിഞ്ഞു, ദൈവത്തോടുകൂടെ വിജയിക്കുവാൻ കഴിഞ്ഞു, എന്നാൽ തന്റെ പരാതികൾക്ക് മറുപടി നൽകിയില്ല. ദൈവം തന്നെ യോർദ്ദാനിലേക്ക് കൊണ്ടുപോകുവാൻ ദൈവത്തോടപേക്ഷിച്ചു. ലബാനോൻ കാണുവാൻ താൻ ആഗ്രഹിച്ചു. നാല്പതു വർഷം മരുഭൂമിയിൽ തന്നെ നടത്തി, വാഗ്ദത്ത നാട്ടിൽ പോകുവാൻ താൻ ആഗ്രഹിച്ചു; എന്നാൽ ദൈവം അതിനനുവദിച്ചില്ല. ഇത് തന്നെ ദൈവം സ്നേഹിക്കുന്നില്ല എന്നതിന്റെ അടയാളമാണോ? ഒരിക്കലുമല്ല. മോശെ ദൈവത്താൽ വളരെ സ്നേഹിക്കപ്പെട്ട മനുഷ്യനാണ് ദാനിയേലിനെപ്പോലെ, എന്നാൽ ഇവിടെ മോശെയുടെ പ്രാർത്ഥന ദൈവം കേട്ടില്ല. നിങ്ങളുടെ കുട്ടി പറയും, “ എനിക്ക് ഇത് വേണം അതു വേണം എന്ന് ”, നിങ്ങൾ അപേക്ഷ കേൾക്കയില്ല, കാരണം നിങ്ങൾക്കറിയാം, ഇത് നിങ്ങളുടെ കുഞ്ഞിനെ നശിപ്പിക്കുന്നതാണ്, കുഞ്ഞുങ്ങളുടെ ഓരോ ആവശ്യവും കൊടുക്കാൻ കഴികയില്ല. മോശെ വാഗ്ദത്ത ദേശത്തു പോകുവാൻ ആഗ്രഹിച്ചു; എന്നാൽ മറ്റൊന്ന് ദൈവം തനിക്കു വേണ്ടി കരുതി. ആരോ ഒരാൾ പറഞ്ഞതുപോലെ, “ ദൈവം ആത്മാവിനെ ചുംബിച്ചു ”, തന്റെ ഭവനത്തിലേക്ക് ചേർത്തുകൊണ്ടു. “ ദൈവം അവനെ അടക്കി” ജഡിക മനുഷ്യന് ഒരിക്കലും കിട്ടിയിട്ടില്ലാത്ത ശ്രേഷ്ഠമായ അനുഭവം.

ആയിരത്തി അഞ്ഞൂറ് വർഷങ്ങൾക്കു ശേഷം മോശെയുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകി; അവിടുന്ന് വാഗ്ദത്ത ദേശത്തു പോകുവാൻ അനുവാദം നൽകി, തേജസ്സിന്റെ മഹത്വത്തോടെ മറുരൂപ മലയിൽ, ഏലിയാവിനോടുകൂടെ, ശ്രേഷ്ഠ പ്രവാചകനോട് കൂടെ പത്രോസിനോടും യാക്കോബിനോടും യോഹന്നാനോടും കൂടെ, ദൈവസിംഹാസനത്തിങ്കൽ നിന്നും ഒരു ശബ്ദം കേട്ടു. “ഇവൻ എന്റെ പ്രിയ പുത്രൻ

(ശേഷം 6-ാംപേജിൽ)

ചൂളയുടെ ചൂടു കൂട്ടിയാൽ നിങ്ങൾ എന്തു ചെയ്യും

By Alec Brooks

വിശ്വാസത്തിന്റെ വലിയൊരു ഒത്തു തീർപ്പു ഈ ദിവസങ്ങളിൽ നാം കേൾക്കുന്നു. നാം ആഗ്രഹിക്കുന്നത് എല്ലാം പ്രാപിക്കാൻ തക്ക വിശ്വസം നമുക്കുണ്ട്. രോഗിയായിട്ടോ, ഏത് ഭൗതിക അനുഗ്രഹങ്ങൾ പ്രാപിക്കാൻ ആവശ്യമായ വിശ്വാസം നമുക്കുണ്ട്. രോഗമോ, മറ്റു കുറവുകളോ വിശ്വസത്തിന്റെ കുറവു മൂലം സംഭവിക്കുന്നു.

വേദപുസ്തകം ക്രിസ്ത്യാനിയുടെ ചെക്ക് ബുക്കാണ് എന്നു പറയപ്പെടുന്നു. വാഗ്ദത്തങ്ങൾ നമ്മുടെ ചെക്കുകളാണ്, ദൈവം നമ്മുടെ ആവശ്യങ്ങളിൽ ഇടപെടുന്ന നമ്മുടെ ആവശ്യങ്ങൾ അറിയുന്ന വലിയ ബാങ്കർ ആണ്.

വിശ്വാസത്തെ കുറയ്ക്കുകയോ, അധൈര്യപ്പെടുത്തുകയോ ചെയ്യാതെ, വേദപുസ്തക വചനങ്ങൾക്ക് ഊന്നൽ കൊടുത്ത്, അനാവശ്യ ഇടപെടലുകളെ ഒഴിവാക്കി ഒരു വശത്ത് അവിശ്വാസവും മറുവശത്ത് വിശ്വാസവും എന്ന വണ്ണം മുന്നേറുന്നു. വിശ്വാസം എന്നത് ബൈബിൾ വാക്യങ്ങളെ ഏറ്റുപറയുകയോ സാധകാത്മക വാക്കുകളോ അല്ല. വിശ്വാസം എന്നത് ദൈവത്തിൽ ഉള്ള ആശ്രയമണ്. ഇതു ദൈവത്തിനു പ്രവൃത്തിപ്പാൻ നമ്മെ അനുവദിക്കുകയാണ്. ഇത് എന്റെ ആവശ്യങ്ങളുടെ മുഖത്ത് ദൈവത്തിൽ ആശ്രയിക്കുന്ന അനുഭവമാണ്.

വിശ്വാസം എന്നത് വാഗ്ദത്തങ്ങളിൽ ആശ്രയിക്കുന്ന അനുഭവല്ല, വ്യക്തി വാഗ്ദത്തങ്ങൾ തരികയാണ്. ദൈവം സർവ്വശക്തനായ കർത്താവ് എന്ന് അംഗീകരിക്കയാണ് വിശ്വാസം ചെയ്യുന്നത്, അവിടുത്തെ സ്നേഹം നമുക്കു നൽകി, എന്താണ് ബുദ്ധി എന്നും എല്ലാ സാഹചര്യങ്ങൾക്കും നല്ലവനാണ് എന്ന് വെളിപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നമുക്ക് ദൈവത്തിന്റെ ഉദ്ദേശങ്ങളുടെ ഉറപ്പാണ്. അത് നമുക്കു സന്തോഷം തരുന്നു എന്ന് മാത്രമല്ല, കർത്താവിനെപ്പോലെ നമ്മെ വിശുദ്ധരാക്കിത്തീർക്കുന്നതാണ്. റോമ. 8:29-39 വരെ അത് വ്യക്തമായി നമുക്ക് വരച്ചുകാട്ടുന്നു, നാം അവിടുത്തെ നാമത്തിൽ ആശ്രയിക്കുന്നു എന്ന നിലയിൽ നമുക്കു വാഗ്ദത്തത്തെ തരുന്നു, ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും സഹകരിച്ച് പ്രവർത്തിച്ചു, അവിടുത്തെ ഉദ്ദേശത്തെ പൂർത്തീകരിക്കുന്നു. കർത്താവിനെപ്പോലെ നമ്മെ ആക്കിത്തീർക്കുന്നു. 35-39 വാക്യങ്ങളൽ പൗലൊസ് നമ്മോടു പറയുന്നത് ചില സാഹര്യങ്ങളിൽ, അതായത്, കഷ്ടത, ഉപദ്രവം, ക്ഷാമം, നഗ്നത തുടങ്ങിയവ നേരിടുമ്പോൾ കർത്താവ് കൂടെയിരുന്ന് നമ്മെ വഴി നടത്തുന്നു.

ഒരു അസാധാരണമായ ലോകത്തിലാണ് നാം ജീവിക്കുന്നത്. ഇതിനെ ദൈവം അല്ല ഇങ്ങനെ സൃഷ്ടിച്ചത്, അവിടുന്ന് ഇതിനെ ഉദ്ധരിക്കുവാനാഗ്രഹിക്കുന്നു. ഈ ലോകത്തിൽ ക്ഷാമമുണ്ട്, രോഗമുണ്ട്, കഷ്ടത എന്നത് യാഥാർത്ഥ്യവുമാണ്, അത് സകല മനുഷ്യരേയും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബാധിക്കുകയാണ്. കർത്താവായ യേശുവിന്റെ രാജ്യം ഇവിടെ പൂർണ്ണമായി സ്ഥാപിക്കുംവരെ സ്വാതന്ത്ര്യത്തിന്റെയോ, സമ്പൂർണ്ണ ആരോഗ്യത്തിന്റെയോ ഒരു ഉറപ്പും നമുക്കു ലഭിക്കയില്ല. ആ സംഭവം നടക്കും വരെ വിശ്വാസികൾ എന്ന നിലയിൽ നാമും ഈ ലോകത്തിന്റെ ഭാഗമാണ്, പാപവും സ്വാർത്ഥതയും, സാമൂഹ്യ അനീതികളും നിലനിൽക്കുന്ന ഈ ലോകത്തിൽ വലിയ കഷ്ടതകളാണ് ദൈവജനത്തിന് അഭിമുഖീകരിക്കാനുള്ളത്.

നാം ഒരു ലോകത്തേയും അതിന്റെ പരിപാടികളെയും തൃപ്തിപ്പെടുത്തിയുംള്ള സുവിശേഷത്തെ നാം വെറുക്കുന്നു. അതുപോലെ കഷ്ടതയില്ലാത്ത സമൃദ്ധിയുടെ സുവിശേഷത്തെയും നാം വെറുക്കുന്നു.

ദൈവത്തിന്റെ മഹത്വം തന്റെ അത്ഭുതം ചെയ്യുന്ന കഴിവുകളിൽ മാത്രമല്ല തന്റെ സ്വർഗ്ഗീയമായ സ്വഭാവത്തിലും അതായത് തന്റെ വിശുദ്ധ സ്നേഹത്തിലും വെളിപ്പെടുന്നു. ദൈവം തന്റെ ജനത്തിൽ മഹത്വപ്പെടുത്തുന്നു. അവർ സമൃദ്ധിയായിരിക്കുന്നതുകൊണ്ട് മാത്രമല്ല, അവരുടെ അനുസരണം സമൃദ്ധിയിലും ആവശ്യഭാരങ്ങളിലോ ഏത് സാഹചര്യങ്ങളിലും ആയിരുന്നാലും അവർ ദൈവത്തെ സ്നേഹിക്കുന്നു. ഹബക്കൂക്ക് 3:17-19 വചനങ്ങളിൽ ഇത് വളരെ മനോഹരമായി പ്രതിപാദിക്കുന്നു. “ അത്തിവൃക്ഷം തളിർക്കയില്ല, മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല, ഒലിവു മരത്തിന്റെ പ്രയത്നം നിഷ്ഫലമായിപോകും, നിലങ്ങൾ ആഹാരം വിളയിക്കയില്ല, ആട്ടിൻ കൂട്ടം തൊഴുത്തിൽ നിന്നും നശിച്ചു പോകും, ഗോശാലകളിൽ കന്നുകാലികൾ ഉണ്ടായിരിക്കയില്ല, എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. യഹോവയായ കർത്താവ് എന്റെ ബലം ആകുന്നു അവൻ എന്റെ കാൽ പേടമാനിന്റെ കാൽ പോലെയാക്കുന്നു ഉന്നതികളിൽ എന്നെ നടക്കുമാറാക്കുന്നു.

ദൈവമക്കളുടെ സാക്ഷ്യം ദൈവത്തെ മഹത്വപ്പെടുത്തുന്നു, ലോകത്തിലൂടെയാണ് നടക്കുന്നത് എങ്കിലും അതിന്റെ പ്രശ്നങ്ങളെ തൊടുന്നില്ല; ലോകത്തിലാണ് താൻ ജീവിക്കുന്നത് എങ്കിലും ഭയപ്പെടുന്നില്ല, എന്താണ് സംഭവിക്കുന്നു എന്ന് ആകുല ചിന്തയില്ല. ദൈവത്തിന്റെ സാന്നിദ്ധ്യം ആശ്വസിപ്പിക്കുകയും പരിപാലിക്കയും ചെയ്യുന്നു.

ഇതിൽ എബ്രായർ 11-ാം അധ്യായത്തിൽ വ്യക്തമായി കാണാം. വിശ്വാസം എന്നാൽ എന്ത് എന്നും വിശ്വാസം എന്തു ചെയ്യുന്നു എന്നും അവിടെ കാണാം. ദൈവജനം വിടുതലുകളും അത്ഭുതങ്ങളും അനുഭവിക്കുന്നത് നാം കാണുന്നു, എന്നാൽ കഷ്ടപ്പെടുന്നതും മരിക്കുന്നതും നാം കാണുന്നു. ലോകം അവർക്ക് യോഗ്യമായിരുന്നില്ല അവർ ദൈവത്തെ അറിഞ്ഞു, അവർ ദൈവത്തിൽ ആശ്രയിച്ചു, ദൈവത്താൽ അംഗീകരിക്കപ്പെട്ടു.

വിശ്വാസം അടിസ്ഥാനപ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ മാത്രമല്ല, അവിടുത്തെ വ്യക്തിത്വത്തിലാണ്. ദൈവത്തെക്കുറിച്ചുള്ള അറിവിലാണ് വിശ്വാസം വളരുന്നത്. ഒരുവൻ ദൈവത്തെക്കുറിച്ചുള്ള അറിവിലൂടെയാണ് വിശ്വാസം വളരുന്നത്. ഒരുവൻ ദൈവത്തെ അറിയുന്നു. ദൈവം അവനിൽ വസിക്കുന്നു എന്നുള്ളത് അവന്റെ വിശ്വാസമാണ്.

ഉല്പ. 17-ാം അധ്യായത്തിൽ ദൈവം അബ്രഹാമിന് പ്രത്യക്ഷമാകുന്നു, അവിടുന്ന് ചില വാഗ്ദത്തങ്ങൾ കൊടുക്കുന്നു. ഞാൻ ഇതു ചെയ്യും എന്ന് അബ്രഹാമിനോട് പറഞ്ഞു. അവിടുന്ന് തന്നോട് പറഞ്ഞു, ഞാൻ നിന്റെ ദൈവമായ യഹോവയാകുന്നു, ഞാൻ അരുളിചെയ്തത് അബ്രഹാമിന്റെ ജീവിതത്തിലൂടെ നിവർത്തിക്കും എന്നു പറഞ്ഞു.

തന്റെ വചനത്തിലൂടെ നമുക്കു നൽകിയിരിക്കുന്ന വാഗ്ദത്തങ്ങൾക്കായ് നമ്മുടെ ദൈവത്തിന് സ്തോത്രം കരേറ്റേണ്ടതാണ്.

(ശേഷം 8-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

അവിടുത്തെ ഇഷ്ടം നടക്കട്ടെ

ഇവന് ചെവികൊടുപ്പിൻ. യോർദ്ദാനിലേക്കു പോകുന്നതിനേക്കാളും നല്ലതാണിത്, യോശുവയെപ്പോലെ, മുപ്പതു വർഷം അദ്ദേഹം കനാൻ ദേശത്തു സഞ്ചരിച്ചു. നാം ഭൗതിക കാര്യങ്ങളെ ചോദിച്ചാൽ ചിലപ്പോൾ ലഭിച്ചില്ല എന്ന് വന്നേക്കാം, ദൈവത്തിന്റെ ഇഷ്ടത്തിന് സമർപ്പിക്ക ലഭിക്കുന്ന മറുപടി മെച്ചമായതായിരിക്കും.

ഏലിയാവ് പ്രാർത്ഥനയിൽ ശക്തൻ ആയിരുന്നു, തന്റെ യാഗത്തിൽ സ്വർഗ്ഗത്തിൽ നിന്നും തീ ഇറക്കി, തന്റെ പ്രാർത്ഥനയാൽ മഴ പെയ്തു ദാഹിച്ചിരുന്ന ദേശത്തു വെള്ളം ലഭിച്ചു. പ്രാർത്ഥനയുടെ ശക്തിയാൽ ഭയം കൂടാതെ ആഹാബിന്റെ മുമ്പിൽ നിന്നു. എന്നാൽ ചൂരചെടിയുടെ കീഴിൽ മരണം ആഗ്രഹിച്ചു താൻ കിടന്നു. ദൈവം തന്നെ സ്നേഹിച്ചു, തന്റെ അഗ്നി രഥങ്ങൾ അയച്ചു തന്നെ ചേർത്തു കൊൾവാൻ യഹോവയക്ക് പ്രസാദമുണ്ടായി. അതുകൊണ്ട് ശത്രുവിന്റെ ഇഷ്ടത്തിന് നമ്മെ ഏല്പിക്കാതെ, ദൈവം എന്നെ സ്നേഹിക്കുന്നില്ല എന്ന് പറയാതെ, ദൈവത്തിന്റെ സമയത്തിനും അവിടുത്തെ വഴികൾക്കുമായി കാത്തിരിക്കുക.

പഴയനിയമത്തിലെ ഏതൊരു വ്യക്തിയെക്കാളും ഏറെ ശോഭിക്കപ്പെട്ടിരുന്ന വ്യക്തിയായിരുന്നു മോശെ. പുതിയ നിയമത്തിൽ പൗലൊസ് എന്ന പോലെ, കർത്താവ് ഒഴികെ. തനിക്കു വേണ്ടി എങ്ങനെ പ്രാർത്ഥിക്കണം എന്ന് പൗലൊസിന് അറിയില്ലായിരുന്നു. “ജഡത്തിലെ മുള്ള് നീങ്ങിപ്പോകേണ്ടതിന് താൻ പ്രാർത്ഥിച്ചു ”. തന്റെ അപേക്ഷ ദൈവം കേട്ടില്ല; ദൈവം മറ്റൊരു വിധത്തൽ തന്നെ അനുഗ്രഹിച്ചു. അവിടുന്ന് കൂടുതൽ കൃപ അവന്റെ മേൽ പകർന്നു നല്കി. നമുക്കു ജഡത്തിൽ മുള്ളുകളുള്ള അനുഭവമായിരിക്കാം കർത്താവ് തരുന്നത്. ഇത് എടുത്തു മാറ്റുക അല്ല ദൈവത്തിന്റെ ഇഷ്ടം, സഹിപ്പാൻ കഴിയുന്ന ദൈവകൃപയ്ക്കായി യാചിക്കാം. പൗലൊസിന്റെ കഷ്ടങ്ങൾ തനിക്ക് മഹത്വമായിത്തീർന്നു, കാരണം ദൈവകൃപ തന്റേ മേൽ അധികമായി പകരപ്പെട്ടു. എല്ലാം എതിരാണ് എന്ന് നമുക്കു തോന്നിയേക്കാം. പൗലോസിന്റെ സ്ഥാനത്തു നിന്നു കൊണ്ട് നമുക്കു പറയാം. “ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എല്ലാം, ദൈവത്തെ സ്നേഹിക്കുന്നവർക്ക് ”. നാം പ്രാർത്ഥിക്കുമ്പോൾ, സമർപ്പണമുള്ളവരായി, നമുക്കു പറയാം. അവിടുത്തെ ഇഷ്ടം നടക്കട്ടെ.

യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു. “ നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അത് നിങ്ങൾക്ക് കിട്ടും” (യോഹ. 15:7). അവസാനത്തെ ഭാഗം പോലും ഉദ്ധരിച്ചു കാണാറുണ്ട്, ഒന്നാമത്തേതല്ല. ഈ ദിവസങ്ങളിൽ എന്തുകൊണ്ട് വളരെ കുറച്ചു മാത്രം ദൈവത്തിൽ ആശ്രയിക്കുന്നു. നിങ്ങൾ പോയി സന്ദർശിക്കുക ഒരിക്കൽ ഒരവസരത്തിൽ; എന്നാൽ അതു മതി. ക്രിസ്തു എന്റെ ഹൃദയത്തിൽ ഉണ്ട് എങ്കിൽ, തീർച്ചയായും, ദൈവത്തിനെതിരായി ഒരു കാര്യവും ചോദിക്കയില്ല. നമ്മിൽ എത്ര പേരുടെ മേൽ ആണ് ദൈവം വസിക്കുന്നത്? നമ്മുടെ പ്രാർത്ഥനയിൽ ഒരു ഉറപ്പ് നമുക്കുണ്ടായിരിക്കേണം. നമുക്ക് ഒരു വലിയ ആഗ്രഹം ഉണ്ടെങ്കിൽ അത് ചോദിക്കാവുന്നതാണോ എന്ന് ദൈവവചനത്തിൽ അന്വേഷിക്കേണം. ധാരാളം കാര്യങ്ങൾ നമുക്കു വേണ്ടാത്തതായുണ്ട്. അനേകം കാര്യങ്ങൾ നാം ഒഴിവാക്കുന്നതിൽ നമുക്കാവശ്യമായവയുണ്ട്. ജോൺ ബനിയൻ ബഡ് ഫോർഡ് ജയിലിൽ ആയിരുന്നു കുറെക്കാലം, അതും തന്റെ ജീവിതത്തിൽ സംഭവിപ്പാൻ ഇടയായി. നാം ഒരിക്കലും ദു:ഖത്തിന് വേണ്ടി പ്രാർത്ഥിക്കാറില്ല; എന്നാൽ ഇത് പലപ്പോഴും നമ്മുടെ നന്മയായി ഭവിക്കാറുണ്ട്.

സങ്കടങ്ങൾ അനുഗ്രഹങ്ങളായി മാറുന്നു.

ഡയർ പറയുന്നു: ദൈവം നൽകുന്ന കഷ്ടങ്ങളെ നം അനുഗ്രഹിക്കുമ്പോൾ കഷ്ടങ്ങൾ നമുക്ക് അനുഗ്രഹമായി മാറുന്നു. കഷ്ടത പലപ്പോഴും പാപം ചെയ്യാതെ സൂക്ഷിക്കുന്നു. ദൈവത്തിന് ഒരു മകനുണ്ട് പാപം ചെയ്യാതെ എന്നാൽ, താൻ സങ്കടങ്ങൾ ഒഴിഞ്ഞു കാണപ്പെട്ടില്ല. കൊടിയ കഷ്ടതകൾ അനുഗ്രഹിക്കപ്പെട്ട വിശ്വാസികളെ സൃഷ്ടിക്കുന്നു, വിശുദ്ധീകരിക്കപ്പെട്ട കഷ്ടതകൾ ആത്മീയ ഉന്നതികളാണ്.

വിശുദ്ധീകരിക്കപ്പെട്ട കഷ്ടതയും ദൈവത്തിന് സമർപ്പിക്കപ്പെട്ട ജ്ഞാനത്തെയും കുറിച്ചു റൂഥർഫോർഡ് എഴുതുന്നു. “അതെ, എത്ര ഉന്നതമാണ്, ചുറ്റിക, കർത്താവായ യേശുവിന്റെ ചൂളയുടെ അനുഭവം, ആർക്കു ചിന്തിപ്പാൻ കഴിയും. ക്രിസ്തു എന്ന ഗോതമ്പുമണി ദൈവത്തിന്റെ ആട്ടുകല്ലിലൂടെ അവിടുത്തെ ചൂളയിലൂടെ കടന്നു, അവിടുത്തെ മേശയിലെ അപ്പമായിത്തീർന്നു! പരീക്ഷിക്കപ്പെട്ട കൃപ കൃപയേക്കാൾ വലുതാണ്; ഇത് കൃപയേക്കാൾ വലുതാണ്. ഇത് മഹത്വമാണ്. ഇതിന്റെ കുട്ടിക്കാലത്ത് പുറത്തേക്കാൾ അധികം ദൈവഭക്തി ഞാൻ കാണുന്നു, ഈ ലോകത്തിന്റെ ചലനങ്ങളിൽ. കഷ്ടതയില്ലാത്ത കൃപ ആർക്കറിയാം.? എത്ര ചെറുതാണ് ക്രിസ്തു നമുക്ക്, എന്നാൽ കഷ്ടതയും പ്രയാസങ്ങളും സഹിക്കുമ്പോൾ നാം നേട്ടങ്ങളുണ്ടാക്കുന്നു. കഷ്ടതയില്ലാതെ ക്രൂശ് നിശ്ചലമാവുകയാണ്. എന്തുകൊണ്ട് കർത്താവിനുവേണ്ടി ഉഴുത്, ഉഴവുചാലുകളെ ആഴത്തിൽ കീറിക്കൂടാ? ഞാൻ അറിയുന്നു അവിടുന്നു ഒരു സാധാരണ കൃഷിക്കാരൻ അല്ല; ഒരു വിളവ് ആഗ്രഹിക്കുന്നു. തരിശു നിലങ്ങളെ ഫലപുഷ്ടിയുള്ളതാക്കിത്തീർക്കാം. ധാരാളം വിളവികളുള്ളതാക്കിത്തീർക്കാം. കഷ്ടതയോടെ വേല ചെയ്യാം, തരിശു നിലങ്ങളെ കർത്താവിനായി ഉഴുതു ഒരുക്കിയെടുക്കാം.

ഈ വിഷയത്തോടുള്ള ബന്ധത്തിൽ നമ്മുടെ തെറ്റുകളെ നമുക്കു തിരുത്താം. പ്രവാചകനായ യിരെമ്യാവിന്റെ വചനങ്ങളെ വിലാപങ്ങളിൽ നമുക്കു കണ്ടു പിടിക്കാം, എന്നിട്ട് വായിക്കാം. “ തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കുന്നവർക്കും യഹോവ നല്ലവൻ, യഹോവയുടെ രക്ഷക്കായി മിണ്ടാതെ കാത്തിരിക്കുന്നത് നല്ലത്. ബാല്യത്തിൽ നുകം ചുമക്കുന്നത് ഒരു പുരുഷന് നല്ലത്. അവൻ അത് അവന്റെ മേൽ വച്ചിരിക്കകൊണ്ട് അവൻ തനിച്ച് മൗനമായിരിക്കട്ടെ. അവൻ തന്റെ മുഖത്തെ പൊടിയോളം താഴ്ത്തട്ടെ പക്ഷേ പ്രത്യാശ ശേഷിക്കും. തന്നെ അടിക്കുന്നവന് കവിൾ കാണിക്കട്ടെ. അവൻ വേണ്ടുവോളം നിന്ദ അനുഭവിക്കട്ടെ. കർത്താവ് എന്നേയ്ക്കും തള്ളിക്കളകയില്ലല്ലോ. അവൻ ദു:ഖിച്ചാലും തന്റെ മഹാ ദയയ്ക്ക് ഒത്തവണ്ണം അവന് കരുണ തോന്നും. മനസ്സോടെയ ല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ വ്യസനിപ്പിച്ച് ദു:ഖിപ്പിക്കുന്നത്. ഭൂമി

(ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവ് ഒരു ആശ്വാസപ്രദൻ

സ്വാധീനത്തെയും ഇല്ലാതാക്കി. ആ ദു:ഖം കർത്താവിനെ സംബന്ധിച്ചിടത്തോളം അപരിചിതമല്ല, അതിനെ പിൻതുടർന്ന് പിടിച്ച് അതിനെ അനുഗ്രഹമാക്കുന്ന പ്രവൃത്തിയത്രേ അവിടുന്ന് ചെയ്യുന്നത്.

ഇതിലധികം എന്താണ് നാം ആവശ്യപ്പെടുന്നത്? എന്താണ് ഇതിലധികമായി നാം ചോദിക്കുന്നത്? നമ്മുടെ പ്രകൃതിയോ? അവിടുന്ന് അതിനെ ഏറ്റടുത്തിരിക്കുന്നു. നമ്മുടെ ദു:ഖങ്ങളോ? കർത്താവ് അത് ഏറ്റെടുത്തു. നമ്മുടെ ക്രൂശുകളോ? അവിടുന്ന് അതു വഹിച്ചു. നമ്മുടെ പാപങ്ങളോ? കർത്താവു അവയെ ക്ഷമിച്ചു തീർത്തു. കഷ്ടപ്പെടുന്ന തന്റെ ജനത്തിനു മുമ്പേ അവിടുന്നു പോകുന്ന വഴിയെ നേരെയാക്കുന്നു. കാലടിയെ വിട്ടു പോരുന്നു; വഴിയില്ലാത്തേടത്ത് നടക്കുവാൻ അവിടുന്ന് നമ്മെ വിളിക്കുന്നു, ദു:ഖമില്ലാതെ പോറ്റുവാൻ, ഭാരമില്ലാതെ നമ്മെ നടത്തുവാൻ, കുടിച്ചിട്ടില്ലാത്തത് കുടിക്കുവാൻ, തന്നെ അനുഗമിക്കുവാൻ നമ്മെ വിളിക്കുന്നു. നിങ്ങൾ ഒരു ദു:ഖപുത്രൻ എന്നത് ദൈവത്തിന് എത്ര മതിയായത് കാരണം നിങ്ങൾ കയ്പ് കുടിക്കുകയാണ്. ഇതിലധികമായി ഒന്നും അവിടുന്ന് ചോദിക്കുന്നില്ല. വാദ്യ ഉപകരണത്തിലെ കമ്പി ഒരു നിമിഷം അവിടുത്തെ ഹൃദയത്തെ തൊടുന്നു. അത് ചലിച്ച് തിരികെ നിങ്ങളെ തൊടുന്നു, ഒന്നുകിൽ നിങ്ങളെ സന്തോഷിപ്പിക്കുന്നു, അല്ലെങ്കിൽ നിങ്ങളെ ദു:ഖിപ്പിക്കുന്നു. ദു:ഖങ്ങളിലും തന്റെ ജനത്തിന്റെ സന്തോഷങ്ങളിലും യേശുവിന്റെ അനുകമ്പ സന്തോഷത്തോടെ ഓർക്കുമാറാക്കുന്നു. ആ സന്തോഷങ്ങളിൽ അവിടുന്ന് സന്തോഷിക്കുന്നു, കരയുന്നവരോടുകൂടെ അവിടുന്ന് കരയുന്നു. എന്നാൽ യേശു കരുണയുള്ളവൻ ആണ്.

യേശുവിനോടുള്ള കൂട്ടായ്മ

വിശ്വാസി കഷ്ടതയനുഭവിക്കുമ്പോൾ യേശു അവരെ ചേർത്തുകൊള്ളുന്നു. തീച്ചൂളയുടെ അനുഭവത്തിലൂടെ തന്റെ മക്കൾ കടന്നുപോകുമ്പോൾ, പരിപാലിക്കുന്ന അവിടുത്തെ കരം, വിശുദ്ധീകരിക്കുന്ന കൃപ, ആശ്വസിപ്പിക്കുന്ന സ്നേഹം തന്റെ മക്കളുടെ മേൽ പകരപ്പെടുന്നു. ദൈവപുത്രൻ തീച്ചൂളയിൽ ഇറങ്ങി വന്നു. നസറായനായ യേശു അവരോട് കൂടെ ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ ഹൃദയം അവരോടുകൂടെയായിരുന്നു. ഇതാണ് അനുകമ്പ ഇതാണ് കൂട്ടായ്മ ഒരുവൻ ക്രിസ്തുവിനോട് കൂടെ എന്നു പറഞ്ഞാൽ ഇതാണ്.

വരിക, പ്രിയ വായനക്കാരാ, എന്താണ് നിങ്ങളുടെ ദു:ഖം? മരണത്തിന്റെ കരം നിങ്ങളെ അടിച്ചുവോ? നിങ്ങൾക്ക് പ്രിയനായവൻ മാറ്റപ്പെട്ടുവോ? നിങ്ങളുടെ ആഗ്രഹം എടുത്തു മാറ്റപ്പെട്ടതിൽ നിങ്ങൾ ഞെട്ടിപ്പോയോ? അത് നിങ്ങളുടെ മാതാപിതാക്കളോ, നിങ്ങളുടെ പൈതലോ, കൂട്ടുകാരനോ, ഈ ലോകത്തിന്റെ സുഖസൗകര്യങ്ങളോ നഷ്ടപ്പെട്ടുപോയോ? നിങ്ങളുടെ ഉറവിടങ്ങൾ എല്ലാം ഉടഞ്ഞുപോയോ? മൺപാത്രങ്ങൾ തകർന്നുപോയോ? നിങ്ങളുടെ അരുവികൾ വറ്റിപ്പോയോ? എന്നാൽ യേശു മതിയായവൻ അവിടുന്നു തന്നെത്തന്നെ നിങ്ങളിൽ നിന്നും അകറ്റുകയില്ല. ഒരിക്കലുമില്ല. ഒരിക്കലും നിങ്ങളുടെ വേദനിപ്പിക്കുന്ന, ഭാരപ്പെടുത്തുന്ന തകർന്ന ഹൃദയത്തെ അവിടുത്തെ കരങ്ങളിൽ കൊടുക്കുക, മുറിവേറ്റ ഹൃദയത്തെ വെച്ചു കെട്ടുവാൻ അവിടത്തേയ്ക്കു കഴിയും, മുറിവേറ്റ ആത്മാവിനെ സൗഖ്യമാക്കും, ദു:ഖിക്കുന്നവനെ ആശ്വസിപ്പിക്കും.

എന്താണ് നിങ്ങളുടെ ദു:ഖം? ആരോഗ്യം ക്ഷയിച്ചു പോയെന്നാണോ? വസ്തുവകകൾ നഷ്ടപ്പെട്ടതാണോ? കൂട്ടുകാർ നിങ്ങൾക്ക് എതിരെ തിരിഞ്ഞതാണോ? പരീക്ഷിക്കപ്പെടുന്ന ഒരു സാഹചര്യമാണോ? നിങ്ങളുടെ വഴിയിൽ പ്രശ്നങ്ങളാണോ? ചുറ്റും ഇരുട്ട് നിങ്ങളെ മൂടിയിരിക്കുന്നു എന്ന് തോന്നുന്നുവോ? പരീക്ഷകളെ അഭിമുഖീകരിക്കുമ്പോൾ എല്ലാം നിങ്ങൾക്ക് പ്രതികൂലമായി തോന്നുന്നുവോ? വെളിച്ചമില്ലാത്ത ഇരുളിലാണോ നിങ്ങൾ നടക്കുന്നത്? യേശുവിന്റെ സന്നിധിയിലേക്ക് ചെല്ലുക. അവിടുന്ന് നിങ്ങൾക്ക് എപ്പോഴും നിങ്ങൾക്ക് സമീപസ്ഥനായുള്ള വിശ്വസ്ത സ്നേഹിതനാണ്. അവിടുത്തെ കൃപയും അനുകമ്പയും നമുക്കു മതിയായതാണ്.

വിശ്വാസത്താൽ നടക്കുക, കാഴ്ചയാലല്ല. ഇതാണ് വിശ്വാസ ജീവതത്തിന്റെ രഹസ്യം. ഓരോ ദിവസവും യേശുവിൽ ആശ്രയിക്കുക. ഓരോ പരീക്ഷകളിലും അവിടവിടുത്തെ അടുത്തേക്ക് ചെല്ലുക, നിങ്ങളുടെ ഭാരങ്ങളെ അവിടുത്തെ മേൽ ഇടുക, നമ്മുടെ ബലഹീനതകൾ നമ്മുടെ കുറവുകൾ, എതിരേവരുന്ന ക്രൂശുകൾ യേശുവിന്റെ അടുക്കൽ വേഗത്തിൽ കൊണ്ടു ചെല്ലുക. നിങ്ങൾക്ക് അനുകരിക്കുവാൻ കൊള്ളാവുന്ന ക്രിസ്തുവിന്റെ മുമ്പിൽ വയ്ക്കുക; നിങ്ങളെ കഴുകുന്ന ഉറവയായി; നിങ്ങളെ പണിയുന്ന അടിസ്ഥാനമായി, നിങ്ങളെ നിറെക്കുന്ന നിറവായി; ദയയുള്ള, സ്നേഹമുള്ള, വിശ്വസ്ത സഹോദരനായി, കൂട്ടുകാരനായി, എല്ലാ വഴികളിലും എല്ലാ സാഹചര്യങ്ങളിലും കൂടെയുണ്ട്. ഇത് ദിവസവും ചെയ്യുക, വിശ്വാസ ജീവതം പണിയുക.

പൗലൊസിനോടു ചേർന്നു പറയുക, “ ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് ” (ഗലാ. 2:20).

അതെ, പരിശുദ്ധ, സന്തോഷമുള്ള ജീവിതമേ! അതേ അഭൗമികമായ, സ്വർഗ്ഗീയ ജീവിതമേ! കർത്താവ് ജീവിച്ച താഴ്ചയുള്ള ജീവിതം, പൂർവ്വ പിതാക്കന്മാർ, പ്രവാചകന്മാർ, അപ്പോസ്തലന്മാർ, രക്തസാക്ഷികൾ, ആത്മാവ് നടത്തിയ പൂർണ്ണതയുള്ള മനുഷ്യർ ജീവിച്ച, കർത്താവിൽ നിന്നും സത്യമായി ജനിച്ചു വിളിക്കപ്പെട്ട പദവിയിൽ ജീവിച്ച അപരിചിത തീർത്ഥാടകരുമായി ജീവിക്കാം.

❖

(3-ാംപേജിന്റെ തുടർച്ച)

അനുഗ്രഹിക്കപ്പെട്ട പരിശ്രമം പരീക്ഷകളിലൂടെ

ത്ഥ്യം സത്യമാണ്. അപ്പോസ്തലനായ പത്രൊസ് ഇത് വ്യക്തമാക്കുന്നുണ്ട്. “ എന്നാൽ അല്പകാലത്തേയ്ക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ച് ശക്തീകരിക്കും ” (1പത്രൊ. 5:10).

കാത്തിരിക്ക

അതേ സമയം പരീക്ഷ നമ്മെ പഠിപ്പിക്കുന്നത് കാത്തിരിക്കുവാനും പ്രാർത്ഥി

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

അനുഗ്രഹിക്കപ്പെട്ട പരിശ്രമം പരീക്ഷകളിലൂടെ

പ്പാനുമാണ്. ശത്രുവിന്റെ മുമ്പിൽ നിന്ന് പരീക്ഷയ്ക്കുള്ള സാഹചര്യങ്ങളെ ഒഴിവാക്കുക. ഇത് പരിചയമില്ലാത്ത ക്രിസ്ത്യാനികളെ ശത്രു കളിപ്പാൻ സാധ്യതയുണ്ട്. പ്രാർ ത്ഥിക്കുക, ബിഷപ്പ് ഹാലിൻ പറയുന്നു. സാത്താന്റെ തോട്ടത്തിലേക്ക് എടുത്തു ചാടരുത്, ആ സമയത്ത് ദൈവത്തിന്റെ സഹയാത്തിനായി പ്രാർത്ഥിക്കുക, എന്നാൽ ദൈവത്തിന്റെ ഭാഗം സൂക്ഷിക്കുക, പരീക്ഷയിലകപ്പെടാതിരിപ്പാൻ ഉണർന്ന് പ്രാർത്ഥിക്കുക. പലപ്പോഴും നമ്മുടെ അന്തിമ വിശ്വാസം ആപത്താകും. സാത്താൻ വേലിക്ക് പുറത്തു കിടന്ന് നമ്മെ ഭയപ്പെടുത്തുവാൻ ശ്രമിക്കും. അവന്റെ തന്ത്രങ്ങൾ എല്ലാം പ്രയോഗിക്കും, എന്നാൽ അവന് ഒന്നും സാദ്ധ്യമാകയില്ല. ഒരു തികഞ്ഞ വിശ്വാസി താഴ്മയുള്ളവനും കരുതലുള്ളവനും ആയിരിക്കും. നാം ഉയർന്ന ചിന്തയുള്ളവരായിരിക്കരുത്. എന്നാൽ ഭയപ്പെടുക, പൗലൊസ് നൽകുന്ന രണ്ട് സുരക്ഷാഭടന്മാരോട് ചേർന്നു നില്ക്കുവാൻ പഠിക്ക, “ ആകയാൽ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ ” (1കൊരി. 10:12). “ ദൈവം വിശ്വസ്തൻ; നിങ്ങൾക്ക് പരീക്ഷ സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും” (1കൊരി. 10:13). എന്നാൽ അവിടുന്ന് ഒരിക്കൽ കൂടി ജാഗ്രതയുടെയും മുന്നറിയിപ്പിന്റെ ഭാഷയിൽ സംസാരിച്ചു, “ അതു കൊണ്ട് പ്രീയരേ വിഗ്രഹാരാധന വിട്ട് ഓടുവിൻ ” (വാക്യം 14).

പരീക്ഷ നമ്മെ പഠിപ്പിക്കുന്ന അടുത്ത വിഷയം ദയ ആണ്. “എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന് സ്ഥിരതയ്ക്ക് തികഞ്ഞ പ്രവൃത്തിയുണ്ടാകട്ടെ ” (യാക്കോ. 1:4). ഇത് വ്യക്തമാക്കുന്നത് ക്രിസ്തീയ ജീവിതത്തിന്റെ ഒടുവിലത്തെ കൃപയാണ് ദയ എന്നുള്ളത്. അതുകൊണ്ട് ദൈവം നമ്മെ ചൂടേറിയ ചൂളയിലൂടെ കടത്തി വിടുമ്പോൾ അതിശയിച്ചു പോകരുത്, തനിക്ക് ഇഷ്ടമുള്ള പാത്രങ്ങളായി തന്റെ മഹത്വത്തിനായി നമ്മെ രൂപാന്തരപ്പെടുത്തും.

ഒരു മഹത്വമുള്ള പ്രതിഫലം

പരീക്ഷ നമ്മെ മഹത്വകരമായ പ്രതിഫലത്തിന് യോഗ്യരാക്കുന്നു. “ പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും ” (യാക്കോ. 1:12). പ്രയാസമേറിയസ്ഥാനത്ത് നില്ക്കുന്ന ഒരുവന് പ്രത്യേക പ്രതിഫലം ലഭിക്കുന്നു, തെറ്റുകളുടെ നടുവിലും മധുരമായി സൂക്ഷിക്കുന്ന പരീക്ഷയുടെ മുഖത്ത് ലോകത്തിലെ പ്രലോഭനങ്ങളുടെ നടുവിൽ ദുർദിവസത്തിൽ എതിർത്തു നില്പാനും, എല്ലാം നന്നായി ചെയ്തു, ഒടുവിൽ അംഗീകരിക്കപ്പെട്ടവനായിത്തീരുന്നു. പരീക്ഷിക്കപ്പെട്ട സഹോദരാ, സന്തോഷത്തോടെയിരിക്ക. ഒരു ദിവസം നിങ്ങൾക്ക് ലഭിക്കുന്ന കിരീടം ശോഭയിൽ നിങ്ങൾ അതിശയത്തോടെ സന്തോഷിക്കും. ❖

(6-ാംപേജിന്റെ തുടർച്ച)

അവിടുത്തെ ഇഷ്ടം നടക്കട്ടെ

യിലെ സകല ബന്ധന്മാരെയും കാല്ക്കീഴിട്ടു മെതിക്കുന്നതും അത്യുന്നതന്റെ സന്നിധിയിൽ മനുഷ്യന്റെ ന്യായം മറിച്ചുകളയുന്നതും മനുഷ്യനെ വ്യവഹരാത്തിൽ തെറ്റിച്ചുകളയുന്നതും കർത്താവു കാണുകയില്ലയോ? കർത്താവു കല്പിക്കാതെ ആർ പറഞ്ഞിട്ടാകുന്നു വല്ലതും സംഭവിക്കുന്നത്. അത്യുന്നതന്റെ വായിൽ നിന്നു നന്മയും തിന്മയും പുറപ്പെടുന്നില്ലയോ? മനുഷ്യൻ നെടുവീർപ്പിടുന്നതെന്ത്? ഓരോരുത്തൻ താന്താന്റെ പാപങ്ങളെക്കുറിച്ചു നെടുവീർപ്പിടട്ടെ. നാം നമ്മുടെ നടപ്പു ആരാഞ്ഞു ശോധന ചെയ്തു യഹോവയുടെ അടുക്കലേക്ക് തിരിയുക. നാം കൈകളേയും ഹൃദയത്തേയും സ്വർഗ്ഗസ്ഥനായ ദൈവത്തിങ്കലേക്ക് ഉയർത്തുക. (വിലാപങ്ങൾ 3:25-41). ❖

(5-ാംപേജിന്റെ തുടർച്ച)

ചൂളയുടെ ചൂടു കൂട്ടിയാൽ നിങ്ങൾ എന്തു ചെയ്യും?

രോഗികൾക്കു വേണ്ടിയും ദൈവത്തിലാശ്രയിക്കുന്നവർക്ക് വേണ്ടിയും നാം പ്രാർത്ഥിക്കേണ്ടതാണ്. നമ്മുടെ ഹൃദയങ്ങളെ ദൈവത്തിന്റെ കരങ്ങളിലേല്പിച്ചു തുടർച്ചയായി നാം പ്രാർത്ഥിക്കേണ്ടതാണ്, എല്ലാവിധ ആവശ്യങ്ങളിലും ദൈവത്തിന്റെ സഹായം ഉണ്ടാകേണ്ടതിനും നാം പ്രാർത്ഥിക്കേണ്ടതാണ്. എന്നാൽ നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി ഇല്ലാതിരിക്കുമ്പോഴും, അതായത് ശദ്രക്ക് മേശക്ക്, അബേദനഗോ എന്ന ഭക്തന്മാർ രാജാവിനോട് പറഞ്ഞു. “ ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിക്കാൻ കഴിയും എങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല; രാജാവ് നിർത്തിയ സ്വർണ്ണ ബിംബത്തെ നമസ്ക്കരിക്കയുമില്ല എന്നറിഞ്ഞാലും എന്ന് ഉത്തരം പറഞ്ഞു ”.

അവരുടെ സമർപ്പണം ദൈവത്തിൽ അർപ്പിച്ചു, അവിടുന്ന് സർവ്വശക്തനായ ദൈവം എന്ന് അവർ അംഗീകരിച്ചു, ആരെല്ലാം തങ്ങൾക്ക് നന്മ ചെയ്താലും തിന്മ ചെയ്താലും ദൈവത്തിൽ തന്നെ ആശ്രയിക്കും എന്ന് അവർ ഉറച്ചു. തീച്ചൂളയിൽ അവർ ജീവിക്കുന്ന ദൈവത്തെ കണ്ടു. അവരുടെ വിശ്വാസത്തിന്റെ ഫലമായി അവരുടെ ദൈവത്തിന്റെ നാമം ജാതീയ മായൊരു ദേശത്ത് അവർ മുഖാന്തരം മഹിമപ്പെടുവാൻ ഇടയായി.

നല്ല സമയത്തും കഷ്ടകാലത്തും ഒരുപോലെ ദൈവത്തിൽ ആശ്രയിക്കുന്നതു മൂലം ദൈവം അവരിൽ മഹത്വപ്പെടുന്നു. അവരിലൂടെ തന്റെ നാമം അറിയുമാറാക്കുന്നു. അവരിലൂടെ ദൈവം മഹിമപ്പെടുന്നു. ഗോലിയാത്തിന്റെ മുമ്പിൽ മറ്റുള്ളവർ ഭയന്നു വിറെക്കുമ്പോൾ ദാവീദിനെ ശക്തിപ്പെടുത്തിയത് എന്താണ്? തന്റെ കാഴ്ചപ്പാട് തന്നെ വ്യത്യാസപ്പെടുത്തി. മറ്റുള്ളവർ ഗോലിയാത്തിനെ തങ്ങളുമായി താരതമ്യപ്പെടുത്തി. ദാവീദ് ഗോലിയാത്തിനെതിരെ സർവ്വശക്തനായ ദൈവത്തെ കണ്ടു, അവിടുത്തെ വിശ്വസ്തയും ശക്തിയും. അവർ ഓരോരുത്തരും അവരവരുടെ സുരക്ഷിതത്വം നോക്കി, ദാവീദിന്റെ ഒന്നാമത്തെ ചിന്ത തന്റെ ദൈവത്തിന്റെ നാമത്തിന്റെ മഹത്വം ആയിരുന്നു.

ദാവീദ് ഗോലിയാത്തിനെ കീഴ്പ്പെടുത്തി. താൻ മണിക്കൂറുകൾ ദൈവസന്നിധിയിൽ ചെലവിടുമായിരുന്നു. ദൈവശക്തിയെ താൻ പലപ്പോഴും അനുഭവമാക്കിയിരുന്നു.

യേശു ക്രൂശിൽ തൂങ്ങിയപ്പോൾ, അവിടുന്ന് നിലവിളിച്ചു, എന്റെ ദൈവമേ എന്റെ ദൈവമേ എന്നെ കൈവിട്ടതെന്ത്? അവിടുന്നു നമുക്കുവേണ്ടി കഷ്ടതയനുഭവിച്ചു. പിതാവിൽ നിന്നും ഒരിക്കലും താൻ വേർപെട്ടിരുന്നില്ല. തീച്ചൂള എത്രചുടുള്ളതായിരുന്നാലും, അവിടുത്തെ വചനങ്ങൾ പറഞ്ഞിരിക്കുന്നു, “ഞാൻ നിങ്ങളെ കൈവിടുകയില്ല, ഉപേക്ഷിക്കയും ഇല്ല ” എന്ന് അരുളിയവൻ കൂടെയുണ്ട്. കാരണം ദൈവത്തിനും തന്റെ പദ്ധതികൾക്കും മാറ്റമില്ല, അവിടുന്ന് നമ്മെ വിശുദ്ധീകരിക്കും എന്നേയ്ക്കും ശക്തീകരിക്കും “ ദൈവത്തിൽ വിശ്വാസം ഉള്ളവരായിരിപ്പിൻ” (മർക്കൊ. 11:22) ❖

കഷ്ടങ്ങളുടെയും പ്രയാസങ്ങളുടെയും നടുവിൽ വിശ്വാസത്തെ പിടിച്ചുകൊൾക

By Rich Carmicheal

ഈ ലേഖനം പ്രധാനമായി കേന്ദ്രീകരിക്കുന്ന വിഷയം, എങ്ങനെയാണ് കർത്താവു ആശ്വസിപ്പിക്കുന്നു എന്നതാണ്, കഷ്ടങ്ങളുടെയും പ്രയാസങ്ങളുടെയും നടുവിൽ നമ്മെ ധൈര്യപ്പെടുത്തുകയും നമ്മെ ബലപ്പെടുത്തുകയും ചെയ്യുന്നു, തന്റെ ഇഷ്ടം നിവർത്തിക്കുവാൻ ദൈവം നമ്മിൽ പ്രവർത്തിക്കുമ്പോൾ നാം ദൈവഹിതത്തിനായി ദൈവത്തിൽ ആശ്രയിക്ക എന്നതാണ്. ഇത് നമ്മുടെ മനസ്സിൽ കരുതുക. യെശയ്യപ്രവാചകന്റെ പുസ്തകത്തിൽ നിന്നും ഈ വേദഭാഗം നമുക്കു പരിഗണിക്കാം.

“എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറിവ് കെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും പ്രസിദ്ധമാക്കുവാനും ദു:ഖിതരാന്മാരെയൊക്കെയും ആശ്വസിപ്പാനും സീയോനിലെ ദു:ഖിതന്മാർക്കു വെണ്ണീറിനു പകരം അലങ്കാരമാലയും ദു:ഖത്തിനു പകരം ആനന്ദതൈലവും വിഷണ്ണമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു; അവൻ മഹത്വകരിക്കപ്പെടേണ്ടതിന് അവർക്കു നീതി വൃക്ഷങ്ങൾ എന്നും യഹോവയുടെ നടുതല എന്നും പേരാകും” (യെശ. 61:1-3).

നിങ്ങൾ പലപ്പോഴും യേശുവിനെ അംഗീകരിച്ച്, തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ പ്രാവചനികമായ വിളിയും അഭിഷേകവും ഉദ്ധരിച്ച് സംസാരിക്കുന്നു (ലൂക്കൊ. 4:18,19). എത്ര അത്ഭുതകരമാണ് നമ്മുടെ ജീവിതത്തിൽ തന്റെ ദയയും ശക്തിമത്തുമായ പ്രവർത്തികൾ! നാം ആത്മാവിൽ ദരിദ്രരായിരിക്കുമ്പോൾ താൻ നമ്മോട് പങ്കുവയ്ക്കുന്ന തന്റെ സദ്വർത്തമാനം; നമ്മുടെ തകർന്ന ഹൃദയങ്ങളെ അവിടുന്ന് സൗഖ്യമാക്കുന്നു, നമ്മുടെ അടിമത്വത്തിൽ നിന്നും സ്വതന്ത്രമാക്കുന്നു, ബന്ധനങ്ങളിൽ നിന്നും വിടുവിക്കുന്നു. നാം ദു:ഖിച്ചിരിക്കുമ്പോൾ നമ്മെ ആശ്വസിപ്പിക്കുന്നു, നമ്മെ സംരക്ഷിക്കുന്നു; ദു:ഖത്തിൽ മുഖത്തെ മിനുക്കുന്ന എണ്ണയും, വെണ്ണീറിനു പകരം അലങ്കാരവും നാം ഭാരപ്പെടുമ്പോൾ സ്തുതി എന്ന മേലാടയും നമുക്കു നൽകി നമ്മെ സംരക്ഷിക്കുന്നു.

ഈ ശുശ്രൂഷകളെ ഓർത്തുകൊൾക. “അവർക്കു നീതി വൃക്ഷങ്ങൾ എന്നും യഹോവയുടെ കൃഷി എന്ന് പേർ വിളിക്കപ്പെടും. “അവിടുന്ന് നമ്മുടെ ജീവിതത്തിലെ പ്രയാസഘട്ടങ്ങളിൽ പ്രവർത്തിക്കുന്നു. സൗഖ്യം കൊണ്ടു നമ്മെ നിറയ്ക്കുന്നു. സ്വാതന്ത്ര്യം, ആശ്വാസം, ഭംഗി, സന്തോഷം സ്തുതി, നീതി അവിടുത്തെ നടുതല എന്ന് വിളിക്കപ്പെടുന്നു. സകല മഹത്വവും നമ്മുടെ കർത്താവിന്.

ചാൾസ് സ്പർജൻ ഇങ്ങനെ പറയുന്നു, “നീതി വൃക്ഷങ്ങൾ എന്ന് അവർക്കു പേർ വിളിക്കപ്പെടും, ദൈവത്തിന്റെ കൃഷി, ഇത് ദൈവത്തിന്റെ പ്രവർത്തിയാണ്. ഇത് ദൈവത്തിന്റെ വൃക്ഷമാണ്, ദൈവമാണ് ഇതിനെ നട്ടത്, മറ്റാരും നട്ടതല്ല. ദൈവത്തിന്റെ കൈവേലയായ മനുഷ്യൻ, അവന്റെ സന്തോഷം ദൈവം നൽകുന്ന സന്തോഷം”.

കർത്താവിൽ ആശ്രയിക്കുക

അതുകൊണ്ട് നിങ്ങൾ പ്രയാസങ്ങളെ നേരിടുമ്പോൾ, അതുകൊണ്ട് ധൈര്യമായിരിക്ക, ദൈവം നിങ്ങളുടെ അവസ്ഥ അറിയുന്നു, അവിടുന്ന് നിങ്ങളെ ആഴമായി സംരക്ഷണം ചെയ്യുന്നു, അവിടുന്ന് നിങ്ങളെ സൗഖ്യത്തിലേക്ക് സ്വാതന്ത്ര്യത്തിലേക്ക് , ആശ്വാസം, സൗന്ദര്യം, സന്തോഷം, സ്തുതി തന്റെ പ്രവൃത്തിയിലൂടെ താൻ മഹത്വപ്പെടുന്നു! അപ്പോസ്തലനായ പത്രോസ് പറയുന്നു, “എന്നാൽ അല്പകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യ തേജസിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും. ബലം എന്നേയ്ക്കും അവനുള്ളത് ആമേൻ” (1പത്രൊ. 5:10,11).

തീർച്ചയായും, നമുക്കു ചെയ്യുവാൻ ഒരു ഭാഗമുണ്ട്. അപ്പൊസ്തലനായ പത്രോസ് ഇപ്രകാരം വീണ്ടും എഴുതുന്നു, “താഴ്മയുള്ളവർക്കോ അവൻ കൃപ നൽകുന്നു. അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ” (1പത്രൊ. 5:6,7). കർത്താവിന്റെ മുമ്പിൽ താഴ്മയോടിരിക്ക എന്നതും, ആശ്രയിക്ക എന്നതും പ്രധാനമാണ്. “നിന്റെ ഭാരം യഹോവയുടെ മേൽ വച്ചുകൊൾക, അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ ആവൻ ഒരു നാളും സമ്മതിക്കയില്ല (സങ്കീ. 55:22). “ജനമേ എല്ലാക്കാലത്തും അവനിൽ ആശ്രയിപ്പിൻ” (സങ്കീ 62:8).

വിശ്വാസം പിടിച്ചുകൊൾക

കഷ്ടങ്ങളിലും പ്രയാസങ്ങളിലും നിരന്തരമായി പരിശ്രമം ചെയ്യുക. വിശ്വാസത്തിന്റെ പരിശോധന നിരന്തരം പരിശ്രമത്തിലേക്ക് നമ്മെ നയിക്കുന്നു. “വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു” (യാക്കോ.1: 2-4). പ്രവാചകന്മാരോടും പ്രത്യേകിച്ച് ഇയ്യോബിനോടുമുള്ള ദൈവത്തിന്റെ ഇടപെടൽ ഇതിന് നല്ല ഉദാഹരണങ്ങൾ നൽകുന്നു. യാക്കോബ് എഴുതുന്നു, “സഹോദരന്മാരേ, കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ കഷ്ടാനുഭവത്തിനും ദീർഘക്ഷയ്ക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾവിൻ; സഹിഷ്ണത കാണിച്ചവരെ ഭാഗ്യവാന്മാർ എന്ന് പുകഴ്ത്തുന്നു; ഇയ്യോബിന്റെ സഹിഷ്ണത നിങ്ങൾ കേട്ടും കർത്താവു വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു: കർത്താവ് മഹാകരുണയുള്ളവനും മനസ്സലിവുമുള്ളവനല്ലോ” (യാക്കോ.5:10,11).

ഇയ്യോബിന്റെ കാര്യത്തിൽ, ദൈവം കഷ്ടത അനുവദിച്ചും ആരോഗ്യം നഷ്ടപ്പെടുന്ന നിലയിലായി, ദൈവത്തിനു എല്ലാ കാലത്തും ഒരു പദ്ധതിയുണ്ട്. “കർത്താവ് അതിന്റെ അവസാനം സൂചിപ്പിച്ചു”. ദൈവത്തിന്റെ വിശ്വസ്തതയിൽ, തന്റെ കരുണയും ദയയും കാത്തുകൊണ്ട് എന്നാൽ, എല്ലാ കാലത്തും ദൈവത്തിന്റെ മനസിൽ വ്യക്തമായ ഒരു പദ്ധതിയുണ്ടായിരുന്നു, കഷ്ടതയുടെ നടുവിലൂടെ തന്നെ കടത്തി വിട്ട്, അതിന്റെ അവസാനത്തിൽ കഴിഞ്ഞ കാലങ്ങളേക്കാളുപരി തന്നെ അനുഗ്രഹിക്കുന്ന അനുഗ്രഹങ്ങൾ, ദൈവത്തിന്റെ മനസ്സിലുണ്ടായിരുന്നു. ഇതിന്റെ എല്ലാറ്റിന്റെയും താക്കോൽ എന്നത് ഇയ്യോബിന്റെ നിരന്തരമായ പരിശ്രമമാണ്. എങ്കിലും തന്റെ ജീവിതത്തിൽ സംഭവിക്കുന്ന ഓരോ കാര്യങ്ങളെക്കുറിച്ച് ഇയ്യോബ് മനസ്സി

(ശേഷം 10-ാംപേജിൽ)

(9-ാംപേജിന്റെ തുടർച്ച)

കഷ്ടങ്ങളുടെയും .....പിടിച്ചുകൊൾക

ലാക്കിയിരുന്നില്ല, കർത്താവിലുള്ള തന്റെ വിശ്വാസം താൻ മുറുകെ പിടിച്ചു.

നിരന്തര പരിശ്രമത്തിന്റെ ഉദാഹരണമാകുവാൻ ഇയ്യോബു കാരണമായി. ഞാൻ നിങ്ങളോട് പറയട്ടെ, തോട്ടത്തിൽ ഒരു മരമുണ്ട്, അതിന് ഇരുനൂറ് വർഷം പഴക്കമുണ്ട്. അതിന്റെ വിത്ത് നിലത്തു വീണു മുളയ്ക്കുന്നു. അത് കാലാവസ്ഥയുടെ ഉയർച്ച താഴ്ചകൾ എല്ലാം സഹിച്ചു വളരുന്നു. ചൂടേൽക്കുന്നു, കൊടിയ തണുപ്പിനെ അതിജീവിക്കുന്നു, കനത്ത മഴ കൊടും വരൾച്ച കൊടുങ്കാറ്റ്, പെരുങ്കാറ്റ് നിരന്തര പോരാട്ടത്തിനൊടുവിൽ അതു പൂക്കുന്നു, യഥാർത്ഥത്തിൽ നിരന്തര പോരാട്ടത്തിനൊടുവിൽ അതിന്റെ ശത്രുക്കളുടെ നടുവിൽ അതു വളരുന്നു. നമുക്കും അങ്ങനെ ആകുവാൻ കഴിയും. “കഷ്ടത സഹിഷ്ണതയേയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്ന അറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു” (റോമ. 5:3,4).

അതുകൊണ്ട് നാം ഇപ്പോൾ പരിശോധനയുടെ നടുവിൽ ആയിരിക്കുന്നു, ദൈവത്തിൽ ആശ്രയിക്കുക, നിരന്തരമായി പരിശ്രമിക്കുക. ദൈവം വിശ്വസ്തൻ, അവിടുന്ന് പരിപാലിക്കും, അവിടുന്ന് നിങ്ങളുടെ ജീവിതത്തിലൂടെ പ്രവർത്തിക്കും. അപ്പോസ്തലനായ പൗലൊസിനെപ്പോലെ, ക്രിസ്തു കൃപ മതിയായത് എന്ന് നിങ്ങൾ കണ്ടുപിടിക്കും, അവിടുത്തെ ശക്തി നിങ്ങളുടെ ബലഹീനതകളിൽ തികഞ്ഞുവരുന്നു. (2കൊരി. 12:9). “എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു”.. ❖

കഷ്ടതയിലൂടെ പൂർണ്ണരാക്കുന്നു

ഒരു വർഷത്തിനു മുമ്പ് എനിക്ക് ഒരു ഫ്ളാക്സ് ഷെയിപ്പിലുള്ള ഒരു പുഴുക്കൂട് കിട്ടി. അതിന്റെ നിർമ്മിതി കാഴ്ചയ്ക്ക് വിചിത്രമാണ്. അതിന്റെ കഴുത്ത് ഭാഗത്ത് ഒരു ഇടുങ്ങിയ വാതിൽ ഉണ്ടായിരുന്നു, പ്രാണികൾ പോയശേഷം പുഴുക്കൂട് ശേഷിപ്പിച്ചിരുന്നു.

പുറത്തുപോയ പ്രാണിക്ക് അതിന്റെ വാതിൽ വഴിയായി പുറത്തു വരുന്നു, അതിന്റെ ജയിൽ വാസംപോലെ അകത്തായിരുന്ന തന്റെ കാലം പൂർത്തിയായി, ജോലിയില്ലാത്ത ദിവസങ്ങളും പ്രയാസങ്ങളും ഇനി ഇല്ല. ശലഭം അതിന്റെ ഇടുങ്ങിയ കൂട്ടിൽ നിന്നും പുറത്തുവന്നു, ദൈവത്തിന്റെ കരുതൽ എന്ന വണ്ണം പഴച്ചാറുകൾ അതിന്റെ ചിറകുകളാകുന്ന പാത്രങ്ങളിൽ പകർന്നു കൊടുക്കുന്നു, അതിൽ നിന്നും വിടുതൽ പ്രാപിച്ച് മറ്റുള്ള പ്രാണികളെപ്പോലെ സഞ്ചരിക്കുവാൻ ഇടവരുന്നു.

നീണ്ടതായ ജയിൽ വാസം പോലെയുള്ള അനുഭവത്തിൽ നിന്നും പുറത്തു രക്ഷപ്പെട്ടു വരുന്ന പ്രാണിയെപ്പോലെ എന്റെ ജീവിതത്തിലും സാക്ഷിക്കുവാൻ എനിക്ക് കൃപയൊരുക്കി. ഉച്ചയ്ക്കു മുമ്പുള്ള സമയം, സമയാസമയം, ഞാൻ ക്ഷമയോടെ കാത്തിരുന്നു, ഇത് പുറത്തു വരുവാൻ എത്ര ബദ്ധപ്പെട്ടു എന്ന്. ഒരു നിശ്ചിത പരിധിക്കപ്പുറം എന്റെ ക്ഷമയ്ക്ക് ഒരവസാനമുണ്ടായി. ഒരു കൈ സഹായം ചെയ്യാൻ കഴിയുമോ എന്ന് ഞാൻ വിചാരിച്ചു. എത്ര അത്ഭുതകരമായിട്ടാണ് അതു ഭംഗിയായി അത് പണിതു തീർത്തത്. അതിലൂടെ ഒരു മനോഹരമായ ഒരു ശരീരം പ്രാപിച്ച് ചെറിയ ചിറകുകളോടുകൂടെ അത് പുറത്തു വരുന്നത്.

അത്ഭുതകരമായ അതിന്റെ വളർച്ചയും ചിറകുകൾ മുളച്ചു വരുന്നതും എന്റെ കണ്ണുകൾക്ക് ആനന്ദമായിരുന്നു. അതിന്റെ അത്ഭുതകരമായ വർണ്ണങ്ങളും ഒത്തിണങ്ങിയപ്പോൾ അതിമനോഹരമായിരുന്നു. ഞാൻ അത്ഭുതത്തോടെ നോക്കി. ദൈവത്തിന്റെ കരുതൽ അതിന്മേലുണ്ടായിരുന്നു. ഇഴഞ്ഞു നീങ്ങുന്ന ഒരു കാലം അതിനുണ്ടായിരുന്നു. പിന്നെ മഴയിൽ തൂവലുകളുമായി പറന്നു നടക്കുന്ന ഒരു ചുരുങ്ങിയ കാലം.

ഒരു പാഠം എന്റെ മനസ്സിൽ ഓടിയെത്തി. ഒരു കാര്യം എനിക്ക് മനസിലാക്കുവാൻ കഴിഞ്ഞു, “ദൈവത്തിന്റെ വഴികൾ ശ്രേഷ്ഠമേറിയവയാണ്. ഞാൻ അതിനെക്കുറിച്ചു ചിന്തിച്ചപ്പോൾ കഷ്ടതയിലും പ്രയാസങ്ങളിലും കൂടെ കടന്നു പോകുന്നവർക്ക് അതിന്റെ അച്ചടക്കം വളരെ ആശ്വാസം നൽകുകയും മനസ്സിന് കുളിരേകുകയും ചെയ്യുന്നു. ❖

യേശുക്രിസ്തു ദൈവത്തിന്റെ ശ്രേഷ്ഠമായ സമ്മാനം

By Johann Amdt

ക്രിസ്തു നമ്മുടെ ആത്മാവിന്റെ ശരിയായ ഔഷധമാണ്, നമ്മെ ഉദ്ധരിക്കുവാൻ നിങ്ങളുടെ ഭക്ഷണവും പാനീയവുമാണ്. നമ്മെ പുതുക്കുവാൻ ജീവന്റെ ഉറവ, നമ്മുടെ ദാഹം തീർക്കുവാൻ ഇരുട്ടിൽ, ദു:ഖങ്ങളിൽ നമ്മുടെ മദ്ധ്യസ്ഥൻ, നമ്മുടെ ശത്രുവിനെതിരേ - ശത്രുവിന്റെ മൂഢതയ്ക്കെതിരെ ദൈവത്തിന്റെ ജ്ഞാനം നമ്മുടെ പാപത്തിനെതിരെ, ദൈവത്തിന്റെ നീതി - നമ്മുടെ അയോഗ്യതകൾക്കെതിരെ ദൈവത്തിന്റെ വിശുദ്ധീകരണം അടിമത്വത്തിന് എതിരെ വീണ്ടെടുപ്പ്, കരുണാസനം, ന്യായാസനത്തിനെതിരെ- കൃപാസനം, ന്യായവിധിക്കെതിരെ - ഉറപ്പ്, അസ്ഥിരതയ്ക്കെതിരെ - സമാധാനവും വിശ്രമമവും ദുർമനസാക്ഷിക്കെതിരെ -നമ്മുടെ വിജയം, നമ്മുടെ ശത്രുക്കളുടെമേൽ - വീരൻ, നമ്മെ ഉപദ്രവിക്കുന്നവർക്കെതിരെ- ആത്മമണവാളൻ, പ്രതിയോഗിക്കെതിരെ - നമ്മുടെ മദ്ധ്യസ്ഥൻ, ദൈവകോപത്തിനെതിരെ - നമ്മുടെ പ്രായശ്ചിത്തം എല്ലാ അതിക്രമങ്ങൾക്കുമെതിരെ - നമ്മുടെ ബലം, ബലഹീനതയ്ക്കു എതിരേ നമ്മുടെ വഴി, എല്ലാ അലച്ചിലുകൾക്കുമെതിരെ - നമ്മുടെ സത്യം, എല്ലാ കള്ളത്തിനും മായയ്ക്കും എതിരെ നമ്മുടെ ജീവൻ, മരണത്തിനെതിരെ, അവിടുന്നു നമ്മുടെ ഉപദേഷ്ടാവ്, ഒരു സഹായിയും നമുക്കുവേണ്ടി ഇല്ലാതിരിക്കുമ്പോൾ - നമ്മുടെ ശക്തി, നമ്മുടെ അവശതകളിൽ - നമ്മുടെ നിത്യപിതാവ്, നാം അപ്പനില്ലാത്തവരായി, ഉപേക്ഷിക്കപ്പെട്ടവരായി കാണപ്പെടുമ്പോൾ - നമ്മുടെ സമാധാന പ്രഭു, പ്രതികൂലസാഹചര്യങ്ങളിൽ - പാപപരിഹാരം, പാപങ്ങൾക്കെതിരെ മഹത്വത്തന്റെ കിരീടം, കുറ്റപ്പെടുത്തുന്നവർക്കെതിരെ - നമ്മുടെ അദ്ധ്യാപകൻ, നമ്മുടെ അറിവില്ലായ്മക്കെതിരെ നമ്മുടെ ന്യായധിപൻ, എതിർക്കുന്നവർക്കെതിരെ - നമ്മുടെ രാജാവ്, സാത്താന്റെ ആധിപത്യങ്ങളെ അവസാനിപ്പിക്കുവാൻ - നമ്മുടെ നിത്യ മഹാപുരോഹിതൻ, മദ്ധ്യസ്ഥത ചെയ്യുവാൻ.

(ശേഷം 11-ാം പേജിൽ)

കൊടിയ പരിശോധന

" പ്രിയമുള്ളവരേ, നിങ്ങളുടെ പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നി ശോധനയിങ്കൽ അപൂർവ്വകാര്യം നിങ്ങൾക്ക് വന്നു കൂടി എന്ന് വച്ച് അതിശയിച്ചു പോകരുത് " (1പത്രൊ. 4:12).

പ്രസിദ്ധനായ പ്രാസംഗികനും എഴുത്തുകാരനുമായിരുന്ന ജോർജ് മാക്ഡൊണാൾഡ് തന്റെ സ്നേഹിതനായ ഒരു മനുഷ്യനെക്കുറിച്ച് തന്റെ സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ തകർന്ന ഹൃദയത്തോടെയുള്ള ഒരവസ്ഥയെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. താൻ പരീക്ഷ ഘട്ടത്തിലായിരുന്നു. താൻ കരഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു, അതെ, ദൈവമേ, ഞാൻ സൃഷ്ടിക്കപ്പെടരുതായിരുന്നു. പ്രാസംഗികൻ മറുപടി പറഞ്ഞു. നിങ്ങൾ ഉണ്ടായതല്ല, എന്നാൽ ഉണ്ടാക്കപ്പെട്ടതാണ്, നിങ്ങൾ ദൈവത്തിന്റെ പ്രവൃത്തികളോട് കോപിക്കുകയാണ്.

ചില സമയങ്ങളിൽ കൊടിയ കഷ്ടത ഉരുക്കുമുഷ്ടി പോലെ തോന്നാറുണ്ട്, ദൈവത്തിന്റെ ആർദ്രകരങ്ങൾക്കു പകരം, എപ്പോഴും ദൈവത്തോട് പരാതി പറഞ്ഞുകൊണ്ടിരുന്നു. ദൈവത്തിന്റെ പ്രവൃത്തികളെ ചോദ്യം ചെയ്തുകൊണ്ടിരുന്നു., കാരണം ഹൃസ്വദൃഷ്ടിയുള്ളവനായി, ദൈവത്തിന്റെ പ്രവൃത്തികളുടെ പൂർണ്ണതകളെ കാണുവാൻ കഴിഞ്ഞില്ല. നാം ദൈവത്തിന്റെ പ്രവൃത്തികളെക്കുറിച്ച് ചിന്തിക്കുന്നു. എന്താണ് ദൈവത്തിന്റെ ഉദ്ദേശം എന്ന് അറിയുന്നില്ല. ദൈവം പൂർണ്ണമായി അറിയുന്ന, ശുദ്ധീകരിക്കുന്ന അഗ്നിയിൽ കൂടെ കടത്തി ക്രിസ്തീയ സ്വഭാവത്തെ രൂപപ്പെടുത്തിയെടുക്കുന്നു.

ദൈവം തന്റെ ജനത്തെ കഷ്ടതയിലൂടെ കടത്തിവിട്ട് ഉത്തമൻമാരായ വിശ്വാസികളെ വാർത്തെടുക്കുന്നു. കരുത്തും ശേഷിയും ഉള്ളവരാക്കിത്തീർക്കുവാൻ നമ്മെ അവിടുന്ന് പരുക്കൻ അനുഭവങ്ങളിലൂടെ കടത്തിവിടുന്നു. നമ്മെ ഉറപ്പുള്ളവരാക്കുവാൻ നമ്മുടെ ജീവിതത്തിൽ കഷ്ടതകളെ അനുവദിക്കുന്നു. ആഴമായ ശോധനയിലൂടെ കടത്തി നമ്മുടെ ആത്മാക്കളെ ഉറപ്പും ധൈര്യവുമുള്ളവരാക്കിത്തീർക്കുന്നു. നമ്മുടെ ജീവിത്തിൽ വലിയ അച്ചടക്കം ഏർപ്പെടുത്തി ഉറപ്പ് സൃഷ്ടിക്കുന്നു അവിടുന്ന് വേദനകൾ ജീവിതത്തിൽ അനുവദിച്ച് ഫലപ്രദമായ തീരുമാനങ്ങളിലേക്ക് നടത്തുന്നു. ഇങ്ങനെ നമ്മെ, നാം ആഗ്രഹിക്കുന്ന, "അതു തന്നെ അല്ല, കഷ്ടത സഹിഷ്ണതയെയും, സഹിഷ്ണത സിദ്ധതയെയും,, സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു "(റോമ 5:3,4) കൊടിയ കഷ്ടത നിങ്ങളെ കൊണ്ടെത്തിക്കുന്നു, " വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് (1പത്രൊ. 1:7).

പ്രിയ ദൈവമക്കളേ, ക്രിസ്തുവിന്റെ ജീവനെ പകർന്നു കൊടുക്കുന്ന ദൈവത്തിന്റെ കയ്യിലെ ദണ്ഡും വടിയുമായി ഉപയോഗപ്പെടുവാൻ കൊടിയ കഷ്ടത നമുക്ക് ഇടയാക്കിത്തീർക്കട്ടെ! വിശ്വാസത്തിന്റെ പരിശോധനയ്ക്കായി സ്തോത്രം!

❖

യഹോവേ എന്റെ പ്രാർത്ഥന ചെവിക്കൊള്ളേണമേ; എന്റെ യാചന ശ്രദ്ധിക്കേണമേ. നീ എനിക്കുത്തരം അരുളുകയാൽ എന്റെ കഷ്ട ദിവസത്തിൽ ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു (സങ്കീ. 86:6,7)

" ഞാൻ യഹോവയ്ക്കായി കാത്തു കാത്തിരുന്നു; അവൻ എങ്കലേക്കു ചാഞ്ഞ് എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി. എന്റെ ഗമനത്തെ സ്ഥിരമാക്കി; എന്റെ വായിൽ പുതിയൊരു പാട്ടു തന്നു; നമ്മുടെ ദൈവത്തിനു സ്തുതി തന്നെ " (സങ്കീ. 40:1–3).

❖

(10-ാം പേജിന്റെ തുടർച്ച)

യേശു ക്രിസ്തു ദൈവത്തിന്റെ ശ്രേഷ്ഠ സമ്മാനം

ഇപ്പോൾ ഓർക്കുക, വിശ്വാസിയേ, പിതാവിന്റെ എത്ര നല്ല സമ്മാനമാണ് കർത്താവായ യേശുക്രിസ്തു. ഇതായിരിക്കട്ടെ നിങ്ങളുടെ ദിവസേനയുള്ള പ്രാർത്ഥനയും സമർപ്പണവും. എല്ലാ സ്വർഗ്ഗീയ നേട്ടങ്ങളുടെ ഉറവിടവും കർത്താവിന്റെ എല്ലാ വേലകളും അതിന്റെ ആരംഭം മുതൽ അവസാനം വരെ അവിടുന്ന് രൂപകല്പന ചെയ്തിട്ടുള്ളതും ആകുന്നു. എത്ര അധികം, എത്ര അനന്തമാണ്. അവിടുത്തെ നന്മകൾ നമുക്ക് വീണ്ടെടുപ്പുകാരനായ ക്രിസ്തുവിലുള്ളത്.

❖

പ്രശ്നങ്ങളുടെ നടുവിൽ ദൈവത്തിന്റെ മക്കൾ പറയണം

1. അവൻ (ദൈവം) എന്നെ ഇവിടെ വരെ കൊണ്ടുവന്നതും, ഇപ്പോൾ ഞാൻ കഷ്ടതയിൽ ആയിരിക്കുന്നത് അവന്റെ ഇഷ്ടപ്രകാരമാണ്. ഞാൻ അതിൽ ഉറച്ചു നിൽക്കും.

2. അവന്റെ സ്നേഹത്തിന്റെ മറവിൽ എന്നെ നിറുത്തി, അനുഗ്രഹിച്ച് അവന്റെ മക്കളാക്കി മാറ്റും.

3. ദൈവം നമ്മിൽ ചൊരിയാൻ ആഗ്രഹിക്കുന്ന അനുഗ്രഹത്തിലേക്ക്, നമ്മെ നയിക്കുന്നതിനു വേണ്ടിയാണ് ഈ കഷ്ടത നമ്മുടെ ജീവിതത്തിൽ അനുഭവിക്കേണ്ടി വരുന്നത്. ഇതിലൂടെ ദൈവം നമ്മെ പുതിയ പാഠങ്ങൾ പഠിപ്പിക്കുന്നത്.

4. ദൈവത്തിനു അറിയാം, നമ്മെ എപ്പോൾ എങ്ങനെ അനുഗ്രഹിക്കണം എന്ന് അതുകൊണ്ട് നാം പറയണം

a. എന്നെ നിർത്തിയിരിക്കുന്നത്, ദൈവത്തിന്റെ നിശ്ചയമാണ്.

b. ഞാൻ ഇന്ന് ഇവിടെ നിൽക്കുന്നത് അവൻ എന്നെ നിർത്തിയതുകൊണ്ടാണ്.

c. ഞാൻ ഇവിടെ ആയിരിക്കുന്നത്, അവന്റെ അഭ്യസനത്തിൻ കീഴിലാണ്.

d. അവന്റെ സമയത്ത്, എന്റെ കാര്യങ്ങൾ നിറവേറും.

കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കുകയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും (സങ്കീ. 50:15)

Andrew Murray

വിശ്വാസം ദൈവത്തിന്റെ സ്വാഭവത്തിൽ ഉറച്ച ആത്മവിശ്വാസമാണ്, അവന്റെ വഴികൾ ആ സമയത്ത് നിങ്ങൾക്ക് മനസ്സിലാകില്ല.

നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ഉദ്ദേശം നാം നമ്മത്തന്നെ നിരന്തരമായി ഓർമ്മപ്പെടുത്തണം

സന്തോഷത്തിനും ആരോഗ്യത്തിനും വേണ്ടി മാത്രമല്ല നമ്മെ നിയമിച്ചിരിക്കുന്നത്, മറിച്ച് ഒരു വിശുദ്ധ ജീവിതം നയിക്കേണ്ടതിനും കൂടി ആണ്. ദൈവം വിളിച്ചിരിക്കുന്നത്.

Oswald Chambers